172

# ജനനീതി

ആഗസ്റ്റ് 2011

3.00 ക.



വിനോദ് റായ്

# മരുന്നുപരീക്ഷണങ്ങൾ സുതാര്യമാക്കുന്നതിൽ നൈതിക സമിതിയുടെ പങ്ക്

ഒരു സ്ഥാപനത്തിൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണങ്ങളെ നിരീക്ഷിക്കുന്നതിനും അപഗ്രഥിക്കുന്നതിനും വിലയിരുത്തുന്നതിനും അവയുടെ ശാസ്ത്രീയ അടിത്തറയും നൈതിക നിലവാരവും ഉറപ്പുവരുത്തുന്നതിനും നിയോഗിക്കപ്പെടുന്ന വിദഗ്ധ സംഘമാണ് നൈതിക സമിതി.

**പരീക്ഷണത്തിന് അധികാരം നൽകുന്നതിന് മുമ്പ് നൈതിക സമിതി പരിശോധിക്കേണ്ട രേഖകൾ:–**

1. പെരുമാറ്റ ചട്ടം(Protocol)
2. സമ്മത ഉടമ്പടി(Informed consent)
3. പങ്കാളിയെ തെരഞ്ഞെടുക്കുന്ന/ കണ്ടെത്തുന്ന രീതി
4. പങ്കാളിക്ക് കൈമാറുന്ന വിവരങ്ങൾ/രേഖകൾ
5. പങ്കാളിയുടെ സുരക്ഷിതത്വം സംബന്ധിച്ച വിവരങ്ങൾ
6. അന്വേഷകരുടെ യോഗ്യതകളും പരിചയസമ്പത്തും.
7. പങ്കാളിക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം, ഇൻഷുറൻസ്, പ്രതിഫലം തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ.

**നൈതിക സമിതി സൂക്ഷിക്കേണ്ട രേഖകൾ:–**

1. നൈതിക സമിതിയുടെ സംഘാടനം, ഘടന, നിയമാവലി.
2. ഓരോ അംഗത്തിന്റെയും വിദ്യാഭ്യാസ യോഗ്യത, അനുഭവ സമ്പത്ത്, നൈതിക വിഷയത്തിൽ ലഭിച്ച പരിശീലനം, തുടങ്ങിയ വിവരങ്ങൾ അടങ്ങിയ സംക്ഷിപ്ത ജീവചരിത്രം.
3. മനുഷ്യരിൽ നടത്തപ്പെടുന്ന മരുന്നുപരീക്ഷണങ്ങൾ സംബന്ധിച്ച് പ്രാബല്യത്തിലിരിക്കുന്ന നടപടിക്രമങ്ങൾ (SOP)
4. പരീക്ഷണ സംബന്ധിയായ ദേശീയ-അന്തർദേശീയ മാർഗരേഖകൾ.
5. അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന പെരുമാറ്റച്ചട്ടങ്ങളുടെ പകർപ്പുകൾ.
6. അന്വേഷകനും, നൈതിക സമിതി അംഗങ്ങളും തമ്മിൽ നടത്തിയ ആശയ വിനിമയങ്ങളുടെ രേഖകൾ, പ്രവർത്തന റിപ്പോർട്ടുകൾ, അംഗീകാരത്തിന്റെ പകർപ്പുകൾ, തുടർ നടപടികൾ തുടങ്ങിയവ.
7. നൈതിക സമിതിയിലെ ചർച്ചകളുടെ വിഷയങ്ങൾ, യോഗതീരുമാനങ്ങൾ, അന്വേഷകർക്ക് നൽകിയ മറുപടികളുടെ പകർപ്പുകൾ.
8. പരീക്ഷണങ്ങൾ ഇടയ്ക്ക് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അവയുടെ കാരണങ്ങൾ, കൈപ്പറ്റിയ നോട്ടീസുകൾ, വിശദീകരണങ്ങൾ, വ്യാഖ്യാനങ്ങൾ.
9. പൂർത്തിയായ പരീക്ഷണങ്ങളുടെ സമഗ്ര റിപ്പോർട്ടുകൾ, വീഡിയോ ക്ലിപ്പുകൾ, പത്രവാർത്തകൾ, പ്രസ്താവനകൾ, സി.ഡി. കൾ തുടങ്ങിയവ.

(Ref. GCP/WHO1995, ICMR,Drugs and Cosmetics Act. Schedulde Y, Helsinki Declaration) ❑



ജനനീതി

ആഗസ്റ്റ് 2011
172

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ലാപ്സാക്കാൻവേണ്ടി അവതരിപ്പിക്കുന്ന ഉഗ്രൻ ലോകപാൽ ബിൽ

പാർലിമെന്റിന്റെ വർഷക്കാല സമ്മേളനത്തിൽതന്നെ തങ്ങൾ ഒരു ഉഗ്രൻ ലോകപാൽബിൽ അവതരിപ്പിക്കുമെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ലോകപാൽ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാൻ വിളിച്ചുകൂട്ടിയ "അഖിലകക്ഷി" സമ്മേളനം ചീറ്റിപ്പോയ സാഹചര്യത്തിലായിരുന്നു ഈ പ്രഖ്യാപനം. അഖിലകക്ഷി സമ്മേളനത്തിനു അജണ്ടയൊന്നും തയ്യാറാക്കാതിരുന്നതിനെ പലരും വിമർശിച്ചിരുന്നു. ലോകപാൽ സംബന്ധിച്ച് ഗവർമ്മേണ്ടിന്റെ സമീപനം വ്യക്തമാക്കുന്ന ഒരു കരടുബിൽ സമ്മേളനത്തിൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ ചർച്ചനടത്താമായിരുന്നുവെന്നാണ് അഖിലകക്ഷികളും പറഞ്ഞത്.

പാർലിമെന്റിന്റെ വർഷക്കാല സമ്മേളനത്തിൽ ഗവർമ്മേണ്ട് പറയുന്നതുപോലെ ഒരു ഉഗ്രൻ ലോകപാൽബിൽ അവതരിപ്പിച്ചുവെന്നു വന്നുകൂടായ്കയില്ല. ആ ബില്ലിലെ ഏതെങ്കിലും വാക്കിനേയോ വാചകത്തേയോ ആരെങ്കിലും എതിർത്തുവെന്നുവരും. അതിന്റെ പേരിൽ ബില്ലിന്റെ ചർച്ച നീട്ടിവയ്ക്കാനാണ് സാധ്യത കാണുന്നത്. ഇത്രയും പ്രധാനപ്പെട്ട ഒരു ബില്ലിന്റെ കാര്യത്തിൽ ഒരു സമവായം ഉണ്ടാക്കേണ്ടത് ആവശ്യമാണെന്നു പറയുന്നതിൽ തെറ്റൊന്നുമില്ല. അങ്ങനെ സമവായമുണ്ടാക്കുന്നതിന്റെ പേരിൽ ചർച്ചയങ്ങനെ നീട്ടിക്കൊണ്ടുപോകും. അവസാനം ലോകസഭയുടെ ആയുസ്സവസാനിക്കുന്നതോടെ ബിൽ ലാപ്സായിപ്പോകുകയും ചെയ്യും. ഇതിന്നകം എട്ടുതവണ അവതരിപ്പിക്കുകയും ലാപ്സാകാൻ അനുവദിക്കുകയും ചെയ്തൊരു ബില്ലാണല്ലോ ഇത്. വനിതാ സംവരണ ബില്ലിന്റെ ദുർഗതി നമു

ക്കൊക്കെ അറിയാം. വനിതാ സംവരണത്തെ ഒരു പാർട്ടിയും എതിർക്കുന്നില്ല. എന്നാൽ അതൊരിക്കലും പാസാക്കാൻ സമ്മതിക്കാറുമില്ല. സ്ത്രീകൾ തലമുടി ബോബ് ചെയ്യുമോ നീട്ടി വളർത്തുമോ വെളിച്ചെണ്ണ തേച്ച് കുളിക്കുന്നവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുമോ, എന്നിങ്ങനെയുള്ള അസംബന്ധങ്ങളെച്ചൊല്ലി ബിൽ പാസാക്കുന്നത് നീട്ടികൊണ്ടുപോകുകയാണ് ചെയ്യുന്നത്. പുരുഷാധിപത്യമുള്ള ഒരു പാർലിമെന്റിൽ ആ ബിൽ പാസാക്കാനാവില്ലെന്നതു പകൽവെളിച്ചം പോലെ വ്യക്തമായിട്ടും നാം വനിതാ സംവരണ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാൻ സമയം കളയുന്നു.

അതുപോലെത്തന്നെ അഴിമതിക്കാർക്ക് ആധിപത്യമുള്ള പാർലിമെന്റിൽ ഒരു ലോകപാൽ ബില്ലും പാസാക്കാനാവില്ലെന്നത് പകൽ വെളിച്ചംപോലെ വ്യക്തമാണ്. എന്നിട്ടും നാം ജനങ്ങളെ സമാധാനിപ്പിക്കാനായി ലോകപാൽ എന്ന മന്ത്രം ഉരുവിട്ടുകൊണ്ടേയിരിക്കുന്നു.

ഇന്ത്യയിലെ ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും ലോകായുക്ത എന്നൊരു പടപ്പുണ്ട്. ലോക് എന്നാൽ ജനങ്ങൾ എന്നർത്ഥം. ആയുക്തൻ എന്നു പറഞ്ഞാൽ മന്ത്രിയെന്നോ കാര്യസ്ഥനെന്നോ പറയാം. അപ്പോൾ ലോകായുക്ത എന്നതിന് ജനകീയ മന്ത്രിയെന്നോ ജനകീയ കാര്യസ്ഥൻ എന്നോ അർത്ഥമെടുക്കാം. നിയമസഭയിലുള്ള മന്ത്രിമാരും ജനപ്രതിനിധികളും അവരുടെ വൈതാളികന്മാരും മോഷ്ടിക്കുന്നത് തടയാനുള്ള ജനകീയ കാര്യസ്ഥനാണ് ലോകായുക്ത. പക്ഷെ ഒരൊറ്റ ലോകായുക്തക്കുപോലും നാം ജനകീയ കാര്യസ്ഥനായി പ്രവർത്തിക്കാൻ അധികാരം നൽകിയിട്ടില്ല. കാര്യസ്ഥനായിട്ടങ്ങനെ വിരാജിക്കാനേ അവർക്കധികാരമുള്ളൂ. കള്ളനെ കയ്യോടെ പിടികൂടിയാൽ പോലും മുഖ്യമന്ത്രിക്ക് ഏല്പിച്ചുകൊടുക്കാൻ മാത്രമേ ആ വിഢ്യാസുവിന്ന് അധികാരമുള്ളൂ. കേസെടുക്കണമോ വേണ്ടയോ എന്നൊക്കെ തീരുമാനിക്കുന്നത് കള്ളന്മാരാൽ നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന മുഖ്യമന്ത്രിയാണ്. നാമത് ഈയിടെപോലും കണ്ടതാണ്. എത്രയെത്ര കള്ളന്മാരെയാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓടിച്ചിട്ടു പിടികൂടിയത്. എല്ലാവരേയും പ്രധാനമന്ത്രിയുടെ മുന്നിൽ ഹാജരാക്കി ഏല്പിച്ചു കൊടുക്കുകയും ചെയ്തു. എന്നിട്ടോ? എന്നിട്ടൊന്നുമില്ല. പ്രധാനമന്ത്രിക്ക് തന്റെ കസേരയുടെ കാര്യത്തിലാണ് വ്യഗ്രത. ഒരൊറ്റ തിരുമാലിയെപ്പോലും അദ്ദേഹം മന്ത്രിസഭയിൽനിന്ന് പുറത്തിറക്കി വിട്ടില്ല. സുപ്രീം കോടതി ചങ്കിന്നു കയറി പിടിച്ചതുകൊണ്ടു മാത്രം ചിലർ മന്ത്രിസഭയിൽനിന്ന് ഇറങ്ങിപ്പോയെന്നേയുള്ളൂ. ദൽഹിയിൽ നടന്ന ഈ പുറാട്ടുനാടകം ദിവസേനയെന്നോണം സംസ്ഥാന തലസ്ഥാനങ്ങളിലും നടക്കുന്നുണ്ട്. ലോകായുക്ത കള്ളന്മാരെ ഓടിച്ചിട്ടു പിടികൂടി മുഖ്യമന്ത്രിക്കു കൈമാറും. കഴിഞ്ഞു! തുടർനടപടി ഒന്നുമുണ്ടാകാറില്ല. തങ്ങൾ എത്ര അധ്വാനിച്ചാലും കാര്യമൊന്നുമില്ലെന്ന് ലോകായുക്തകൾക്കെല്ലാം അറിയാവുന്നതുകൊണ്ട് അവരിപ്പോൾ ശമ്പളം വാങ്ങുന്നതിന്നപ്പുറം കാര്യമായൊന്നും പണിയെടുക്കാറില്ല. മനസ്സാക്ഷി കൈമോശം വന്നിട്ടില്ലാത്ത അപൂർവ്വം ചിലർ തിന്നുന്ന ചോറിനോട് നീതി കാട്ടാനായി മാത്രം കള്ളന്മാർ മോഷ്ടിച്ചെടുത്ത് സമ്പാദിച്ചുകൂട്ടിയ ആസ്തികളുടെ വിവരം പുറത്തു പറയാറുണ്ട്. പത്രങ്ങൾ അതെല്ലാം കൗതുകവാർത്തകളെന്നോണം പ്രസിദ്ധീകരിക്കാറുമുണ്ട്. കള്ളന്മാർക്കും അവരുടെ രാഷ്ട്രീയ ➡



**കവർസ്റ്റോറി**

# മൻമോഹൻ സിങ്ങിന്റെ സർക്കാർ മറ്റൊരു കരിനിഴലിൽ

**2**-ജി കുംഭകോണത്തിന്റെ ബഹളം നടന്നുകൊണ്ടിരിക്കുന്നതിന്നിടയിൽ മൻമോഹൻസിങ്ങിന്റെ ഗവർമ്മേണ്ട് മറ്റൊരു കുഴിയിൽ ചെന്നുചാടിയിരിക്കുന്നു. ഇതിന്റേയും ഉറവിടം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽതന്നെ. എന്നാൽ ഇതൊരു അന്തിമ റിപ്പോർട്ടല്ല.

ഖജനാവിനെ ബാധിക്കുന്ന എന്തെങ്കിലും നടന്നതായി വിവരം കിട്ടിയാൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ അതുപരിശോധിക്കും. പരിശോധനയിൽ കണ്ടെത്തുന്ന സംശയാവഹമായ കാര്യങ്ങളടങ്ങിയ ഒരു കരട് റിപ്പോർട്ട് ഗവർമ്മേണ്ടിന്നു സമർപ്പിക്കും. ഗവർമ്മേണ്ടാകട്ടെ തക്കതായവിശദീകരണങ്ങളോടെ അത് തിരിച്ചയക്കും. അതു പരിശോധിച്ചതിന്നു ശേഷമേ കംപ്ട്രോളർ അവസാന റിപ്പോർട്ട് തയ്യാറാക്കി ഗവർമ്മേണ്ടിന്നു സമർപ്പിക്കൂ. അപ്പോഴേ സാധാരണ പൗരന്മാർക്ക് കാര്യങ്ങളുടെ കിടപ്പ് മനസ്സിലാക്കാൻ കഴിയൂ.

---

പങ്കാളികൾക്കും നാണം എന്നൊരു ദുർഗുണമില്ലാത്തതിനാൽ പത്രങ്ങൾ അതേ ലാഘവബുദ്ധിയോടെ എല്ലാം മറക്കുകയും ചെയ്യും. ഇനിയിപ്പോൾ പാർലിമെന്റിന്റെ വർഷക്കാല സമ്മേളനത്തിൽ അവതരിപ്പിക്കാൻ പോകുന്ന "ഉഗ്രൻ" ലോകപാൽ ബില്ലും ഇതേ മട്ടിലുള്ളതായിരിക്കുമെന്ന് പറയാൻ പാഴൂർപടിപ്പുരവരെ പോകേണ്ട കാര്യമൊന്നുമില്ല. ഒന്നാമത് ബിൽപാസാക്കാൻ ഒരു ഡസനിൽ കൂടുതൽ പേർ കൈ പൊന്തിക്കാനുമിടയില്ല. രണ്ടാമത്, അബദ്ധവശാൽ ബില്ലെങ്ങാനും പാസാക്കിക്കളഞ്ഞാൽ, ആ ഉഗ്രൻ സാധനവും ലോകായുക്തകളേക്കാൾ തീർച്ചയോ മൂർച്ചയോ ഉള്ളതാകില്ല. കഴുത പ്രസവിക്കുന്നത് കഴുതക്കുട്ടിയെത്തന്നെയായിരിക്കും; സിംഹക്കുട്ടിയെ ആകില്ലെന്നും ഏതു വിഡ്ഢിക്കും പ്രവചിക്കാൻ കഴിയും. ഇനി അഥവാ ബില്ലിൽ മൻമോഹൻ സിങ്ങിന്റേയോ, എ.കെ. ആന്റണിയുടേയോ വിരലടയാളമെങ്ങാനുംകണ്ടെത്തിയാൽ അതൊക്കെ പാർലിമെന്റിന്റെ ശീതകാല സമ്മേളനത്തിൽതന്നെ കഴുകിക്കളയുമെന്നും ഉറപ്പാണ്. വിവരാവകാശ നിയമമെന്ന വിപ്ലവത്തിന്ന് ദിവസേന വന്നുചേർന്നുകൊണ്ടിരിക്കുന്ന പരിവർത്തനമൊന്നു നോക്കൂ. വിപ്ലവങ്ങളെ പ്രതിവിപ്ലവങ്ങൾകൊണ്ട് നേരിടാൻ നാം പണ്ടേ ശീലിച്ചതാണ്. നല്ലൊരു ഭരണഘടന എഴുതിയുണ്ടാക്കുകയും അമ്പതുകൊല്ലത്തിന്നകം അതിന്നു നൂറോളം ഭേദഗതികൾ പാസാക്കുകയും ചെയ്ത ദിവ്യന്മാരാണല്ലൊ നമ്മൾ. ഭരണഘടനയുടെ തന്നെ ദുർഗതി ഇതാണെങ്കിൽ, സാധാരണ നിയമങ്ങളുടെ കാര്യം പറയേണ്ടതുണ്ടോ! പ്രതിഷേധിക്കുന്ന പൗരന്മാരെയെല്ലാം ദേശദ്രോഹികളായി മുദ്രകുത്തി ജയിലിലടക്കുന്ന ലോകത്തിലെ ഏക രാഷ്ട്രമല്ലേ ഇന്ത്യ എന്ന ഭാരതം? നമ്മൾ എന്തിന്നും മതിയായവരാണ്.

കണ്ടുകണ്ടങ്ങിരിക്കും
ജനത്തിനെ കണ്ടി
ല്ലെന്നു വരുത്തുന്നതും നമ്മൾ
തോളിൽ മാറാപ്പേറ്റി
നടന്നോനെ മാളിക
മുകളേറ്റുന്നതും നമ്മൾ

❏

പുതിയ കേസിന്റെ തുടക്കത്തിൽ മാത്രമാണ് നാം എത്തിനിൽക്കുന്നത്. ഗവർമ്മേണ്ടിന്ന് കംപ്ട്രോളർ സമർപ്പിച്ചിരിക്കുന്ന കരട് റിപ്പോർട്ടാണ് പത്രങ്ങൾ ചോർത്തിയെടുത്ത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇതെത്രത്തോളം ഗുരുതരമാണെന്ന് ഇപ്പോൾ പറയാനാവില്ല.

ഗവർമ്മേണ്ടിന്റെ ഉദാരവൽക്കരണ പദ്ധതി പ്രകാരം ഇന്ത്യയിലെ എണ്ണ-പ്രകൃതി വാതക നിക്ഷേപങ്ങൾക്കു വേണ്ടി ഗവർമ്മേണ്ട് ഒരന്വേഷണം ആരംഭിച്ചിരുന്നു. കൃഷ്ണ-ഗോദാവരി നദീതടത്തിലും രാജസ്ഥാനിലും തപതീ നദീതടത്തിലും എണ്ണ-പ്രകൃതിവാതക നിക്ഷേപങ്ങളുള്ളതായി ഗവർമ്മേണ്ട് കണ്ടെത്തിയിട്ടുണ്ട്. ഈ എണ്ണ നിക്ഷേപങ്ങൾ വികസിപ്പിച്ച് എണ്ണയും പ്രകൃതി വാതകവും ചൂഷണം ചെയ്യുന്ന ജോലി സ്വകാര്യ മേഖലക്കാർക്ക് ഏൽപ്പിച്ചുകൊടുത്തിരിക്കുകയാണ്. ഇങ്ങനെ കുഴിച്ചെടുക്കുന്ന എണ്ണയുടേയും പ്രകൃതി വാതകത്തിന്റേയും ഒരോഹരി ഗവർമ്മേണ്ടിന്ന് അവകാശപ്പെട്ടതാണ്. ഇതു സംബന്ധിച്ച കരാറിൽ അധികൃതർ അനാസ്ഥ കാണിച്ചതുമൂലം സർക്കാരിന്ന് കോടക്കണക്കിന്ന് രൂപയുടെ നഷ്ടം വരുമെന്ന് കംപ്ട്രോളറുടെ കരടു റിപ്പോർട്ടിൽ പറയുന്നു. അതായത് വരുമാനത്തിലധികവും സ്വകാര്യ മേഖലക്കാരുടെ പോക്കറ്റിൽ ചെന്നെത്തും.

കൃഷ്ണ-ഗോദാവരി നദീതടത്തിലെ എണ്ണ നിക്ഷേപം ചൂഷണം ചെയ്യാനുള്ള അവകാശം മുകേശ് അംബാനിയുടെ റിലയൻസിന്നാണ് നൽകിയിരിക്കുന്നത്. ഖനനച്ചെലവ് കുറയ്ക്കാനോ സർക്കാരിന്ന് ന്യായമായും അവകാശപ്പെട്ട എണ്ണ ലഭിക്കാനോ ഉള്ള വ്യവസ്ഥയൊന്നും കരാറിൽ കാണാനില്ലെന്ന് കംപ്ട്രോളർ പറയുന്നു. ഈ ഇടപാട് നടക്കുമ്പോൾ മുരളി ദേവോരയായിരുന്നു പെട്രൊളിയം മന്ത്രി. പിന്നീടദ്ദേഹത്തെ പെട്രോളിയം വകുപ്പിൽ നിന്ന് മാറ്റുകയും, ആ വകുപ്പ് ജയ്പാൽ റെഡ്ഡിയെ ഏല്പിക്കുകയും ചെയ്തു.

കംപ്ട്രോളറുടെ കരട് റിപ്പോർട്ട് ജൂൺ 9ന്നാണ് ഗവർമ്മേണ്ടിന്നു ലഭിച്ചത്. എന്നാൽ ഒരാഴ്ചക്കകം അതിന്റെ ഉള്ളടക്കം പുറത്തുവന്നു. മുതലാളിമാർ തമ്മിലുള്ള കിടമത്സരമാകാം അതിന്നു കാരണം. പ്രശ്നം അതല്ല. ഈ കരടു റിപ്പോർട്ടിൽ കണ്ടെത്തിയ അഴിമതിയെല്ലാം സംഭവിക്കാൻ പോകുന്നുവെന്ന് ഗവർമ്മേണ്ടിന്നും പ്രധാനമന്ത്രിക്കും അഞ്ചു കൊല്ലം മുമ്പുതന്നെ മുന്നറിയിപ്പ് ലഭിച്ചിട്ടും അവരൊന്നും ചെയ്തില്ല എന്നതിൽ രാഷ്ട്രീയക്കാരും മുതലാളിമാരും തമ്മിലുള്ള കൂട്ടുകെട്ടു വ്യക്തമാകുന്നു.

2006 ഡിസംബർ 12ന്ന് മാർക്സിസ്റ്റ് എം.പി. മാരായ തപൻസെന്നും (പരേതനായ) ചിത്ത്രവ്രതമജ്ജുംദാറും രാജ്യസഭയിൽ ഈ പ്രശ്നം ഉന്നയിച്ചിരുന്നു. കൃഷ്ണ-ഗോദാവരി മേഖലയിലെ എണ്ണ-വാതക ഉല്പാദനം ഇരട്ടിപ്പിക്കാനൊരു പദ്ധതി പരിശോധിക്കുന്നുണ്ടെന്നും ഉല്പാദനച്ചെലവ് 247 കോടി ഡോളറിൽനിന്ന് 884 കോടി ഡോളറായി ഉയരുമെന്നുമാണ് മുതലാളിമാരുടെ നിർദ്ദേശത്തിൽ പറഞ്ഞിരുന്നത്. ഇത് തികഞ്ഞ അസംബന്ധമാണെന്നും ഉല്പാദനം കൂടുമ്പോൾ ഉല്പാദനച്ചെലവ് കുറയുകയാണ് വേണ്ടതെന്നും തപൻസെൻ ഡി: 21ന്നുതന്നെ ചൂണ്ടിക്കാട്ടിയിരുന്നു. ഇതിന്നുശേഷം 2007 ജനുവരി 25, ഫെബ്രുവരി 27, മാർച്ച് 12 എന്നീ തിയ്യതികളിലായി മൂന്നു കത്തുകൾകൂടി പെട്രോളിയം മന്ത്രിക്ക് സെൻ അയച്ചിരുന്നു. ഒടുവിൽ മന്ത്രി അനങ്ങി. പ്രശ്നം പരിശോധിച്ചുവരുന്നു എന്നായിരുന്നു മറുപടി.

കത്തുകൊണ്ടൊന്നും പ്രയോജനമില്ലെന്നു കണ്ടപ്പോൾ 2007 ഏപ്രിൽ 30ന്ന് പെട്രോളിയം മന്ത്രിക്ക് ഒരു കത്തുകൂടി അയച്ചു. അതിന്റെ കോപ്പി പ്രധാനമന്ത്രിക്കും അയച്ചു. വാതകത്തിന്റെ വില കൃത്രിമമായി വർധിപ്പിച്ചു കാണിച്ചിരിക്കുകയാണെന്ന് അതിൽ എടുത്തു പറഞ്ഞിരുന്നു. വാതകത്തിന്റെ വിലകൂടുമ്പോൾ, വാതകം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടേയും രാസവളത്തിന്റേയും വില കൂട്ടേണ്ടിവരുമെന്നും അതിൽ ചൂണ്ടിക്കാണിച്ചിരുന്നു. 2007 മേയ് 15ന്ന് പാർലിമെന്റിൽ ഒരു ചോദ്യത്തിന്നു മറുപടിയായി, പുതുക്കിയ മൂലധനച്ചെലവിന്ന് ഹൈഡ്രോകാർബൺ ഡയറക്ടർ ജനറൽ അനുമതി നൽകിയിട്ടുണ്ടെന്ന് മന്ത്രി പറയുകയുണ്ടായി.

ചെലവ് അനാവശ്യമായി പെരുപ്പിച്ചു കാണിക്കുന്നതിന്ന് തടയിടാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്ക് നേരിട്ട് മൂന്നു കത്തുകൂടി അയച്ചു. ഒരു കത്തുകിട്ടിയതായി പ്രധാനമന്ത്രിയിൽനിന്നും മറുപടി കിട്ടിയെങ്കിലും ഒരു നടപടിയും ഉണ്ടായില്ല. പിന്നീട് 2007 സെപ്തംബറിൽ റിലയൻസിന്ന് പണം വാരാൻ സാധിക്കുന്ന വിധത്തിൽ വാതകത്തിന്റെ വില ഗവർമ്മേണ്ട് കണ്ടമാനം വർധിപ്പിച്ചു. നാഷനൽ തെർമൽ പവർ കോർപറേഷന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ യൂണിറ്റിന്ന് 2.34 ഡോളറായി ഗ്യാസ് നൽകാമെന്ന് റിലയൻസ് ആദ്യം പറഞ്ഞിരുന്നുവെങ്കിലും യൂണിറ്റിന്ന് 4.2 ഡോളർ വച്ചാണ് മന്ത്രിസഭ ഗ്യാസിന്ന് വില നിശ്ചയിച്ചത്. ഹൈഡ്രോകാർബൺ ഡയറക്ടർ ജനറലാണ് ഇതിന്നു ഉത്തരവാദിയെന്നും അയാൾക്കെതിരെ നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2009 ആഗസ്റ്റിലും പിന്നീട് ഒക്ടോബറിലും പെട്രോളിയം മന്ത്രിക്കെഴുതിയെങ്കിലും ഫലമുണ്ടായില്ല. സി.ബി.ഐ. തന്നെ ഇയാൾക്കെതിരെ ഒരന്വേഷണം നടത്താൻ നിർദ്ദേശിച്ചിട്ടും ഗവർമ്മേണ്ട് അനങ്ങിയില്ല.

മാർക്സിസ്റ്റ് പാർട്ടി പ്രധാനമന്ത്രി മുമ്പാകെ ചില ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. വാതകത്തിന്ന് യൂണിറ്റിന്ന് 4.2 ഡോളർ എന്ന് റിലയൻസ് പറഞ്ഞപ്പോൾ ഗവർമ്മേണ്ട് അത് കണ്ണുമടച്ച് സ്വീകരിച്ചതെന്തുകൊണ്ടാണ്? ഇതേ റിലയൻസ് തന്നെ ഇതേ ഗ്യാസിന്ന് നാഷനൽ തെർമൽ പവർ കോർപറേഷന്ന് കുറഞ്ഞ വിലക്ക് വാതകം നൽകാമെന്ന് പറഞ്ഞത് ഗവർമ്മേണ്ട് എന്തുകൊണ്ട് പരിഗണിച്ചില്ല? 2007 ജൂലായിയിൽ സെക്രട്ടറിമാരുടെ കമ്മിറ്റി മുമ്പാകെ ഊർജ്ജമന്ത്രാലയം സമർപ്പിച്ച അഭിപ്രായത്തെ ഗവർമ്മേണ്ട് അവഗണിച്ചതെന്തുകൊണ്ടാണ്? വാതകത്തിന്റെ വിലയെ അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര വിലസൂചികയുമായി ബന്ധപ്പെടുത്തിയാൽ വൈദ്യുതിയുടെ വിലവർധിക്കുകയും, അത് എല്ലാ രംഗങ്ങളിലും വിലവർധനക്കും തദ്വാരാ നാണ്യപ്പെരുപ്പത്തിന്നും ഇടയാക്കുമെന്ന ഉപദേശം ഗവർമ്മേണ്ട് അവഗണിച്ചതെന്തുകൊണ്ടാണ്?

അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര വിലസൂചികയുമായുള്ള ബന്ധം വേർപെടുത്തി കൃഷ്ണ-ഗോദാവരി നദീതട വാതകത്തിന്ന് ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ മാത്രം വിലയിടണമെന്ന് മാർക്സിസ്റ്റ് പാർട്ടി ആവശ്യപ്പെടുന്നു. ❏

# ജനനീതിയുടെ പ്രവർത്തന റിപ്പോർട്ട്

## 2010–2011

**1**992 മേയ് 13ന് രജിസ്റ്റർ ചെയ്യപ്പെടുകയും ഡിസംബർ 30ന് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്ത ജനനീതി 20-ാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുന്നു. രണ്ട് ദശാബ്ദക്കാലം ജനനീതിയെ ഭൗതികമായും ബൗദ്ധികമായും നിലനിർത്താൻ സഹായിച്ച എല്ലാവരെയും ഓർത്തുകൊണ്ടും, ഓരോരുത്തരോടുമുള്ള കടപ്പാടുകൾ വിനയപൂർവ്വം രേഖപ്പെടുത്തിക്കൊണ്ടും ഈ റിപ്പോർട്ട് ജനനീതി കുടുംബാംഗങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു.

*സേവനങ്ങൾ:*

അടിയന്തിര നിയമസഹായം, നിയമോപദേശം, തർക്ക പരിഹാരം, സാന്ത്വന നീതി, നൈതിക ഇടപെടലുകൾ, മനുഷ്യാവകാശ സംരക്ഷണം, ഗാർഹിക പീഡനങ്ങളിൽ സംരക്ഷണം, ബാലപീഡനങ്ങൾക്കെതിരെ നടപടികൾ, വയോജന പീഡനങ്ങളിൽ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, അഴിമതിക്കും പൗരാവകാശ ലംഘനങ്ങൾക്കുമെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, യുദ്ധങ്ങൾക്കും അധിനിവേശങ്ങൾക്കും സാമ്രാജ്യത്വ ഭീകരതക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കുമെതിരെ രാജ്യത്തിനകത്തും പുറത്തും നടക്കുന്ന ജനകീയ മുന്നേറ്റങ്ങളോടും ചെറുത്തുനിൽപുകളോടും സഹകരിച്ചുള്ള പ്രവർത്തനങ്ങൾ, നിയമാവകാശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം തുടങ്ങിയ രംഗങ്ങളിൽ ജനനീതി സജീവമായി പ്രവർത്തിച്ചുവരുന്നു.

*നിയമസഹായം:*

ഈ കാലയളവിൽ വിവിധ വിഷയങ്ങളിൽ നിയമോപദേശവും സൗജന്യ നിയമസഹായവും തേടി 280 പേർ ജനനീതിയിലെത്തി. അവരുടെ ഇനം തിരിച്ചുള്ള പട്ടിക താഴെകൊടുക്കുന്നു.

| 2010 ഏപ്രിൽ 1 മുതൽ 2011 മാർച്ച് 31 വരെ | | |
|---|---|---|
| ജനനീതിയുടെ സഹായം തേടിയവർ | : | 280 |
| ഫയലിൽ സ്വീകരിച്ച പരാതികൾ | : | 53 |
| സാന്ത്വനനീതി ലഭ്യമാക്കിയത് | : | 41 |
| ഉഭയസമ്മതത്തോടെ നീതിപൂർവ്വം തീർപ്പാക്കിയത് | : | 25 |
| കോടതി നടപടികൾ തുടങ്ങിവച്ചത് | : | 8 |
| നിലവിൽ പരിഗണിക്കപ്പെടുന്നവ | : | 12 |
| നടപടികൾ നിർത്തിവച്ചത് | : | 8 |
| ഗ്രാമീണ സ്ത്രീകൾക്കായി നടത്തപ്പെട്ട നിയമബോധന ക്ലാസുകൾ | : | 62 |
| ജനനീതിയുടെ നിയമസാക്ഷരതാ ക്ലാസുകളിൽ പങ്കെടുത്ത സ്ത്രീകൾ | : | 6000-8000 |
| ഫോൺവഴി ജനനീതി സേവനം ലഭിച്ചവർ | : | 800-1000 |

ആശ്രിതരെ സൃഷ്ടിക്കുക ജനനീതിയുടെ ശൈലിയല്ല. സഹായം തേടിയെത്തുന്നവരെ നിയമപരമായ അറിവും ആത്മവിശ്വാസവും നൽകി ശക്തിപ്പെടുത്തുകയും, പരാതികൾ യഥാവിധി തയ്യാറാക്കി നൽകുകയും, ധാർമ്മികവും, നിയമപരവും സാമൂഹ്യവുമായ തുടർസഹായങ്ങളിലൂടെ പ്രശ്നപരിഹാരത്തിന് വ്യക്തികളെയും സമൂഹങ്ങളെയും ഒരുക്കുകയും ചെയ്യുക എന്നതാണ് ജനനീതി ഈ സംഭവങ്ങളിലെല്ലാം തുടർന്നുവരുന്ന സമീപന ശൈലി. ജനനീതിയുടെ സേവനം ഫോൺ വഴിയും ലഭ്യമായതിനാൽ, ഓഫീസ് സന്ദർശിക്കുന്നവരുടെ മൂന്നിരട്ടിയിലധികം പേർ ഫോൺവഴിയും സേവനം സ്വീകരിച്ചുവരുന്നുണ്ട്.

*ഷൈമ:*

2002 ൽ ആത്മഹത്യാശ്രമത്തിനൊടുവിൽ കടലിൽനിന്നും വീണ്ടെടുക്കപ്പെട്ട്, ജനനീതിയുടെ സംരക്ഷണത്തിലായിരുന്ന ഷൈമ എട്ടുവർഷം നീണ്ട മാനസികവും ശാരീരികവുമായ ഒരുക്കൾക്കും പരിശീലനങ്ങൾക്കും ശേഷം 2010 മേയ് 29ന് വീണ്ടും വിവാഹിതയായി. ഷൈമയുടെ കുടുംബാംഗങ്ങൾ എല്ലാവരും വിവാഹത്തിന് എത്തിയിരുന്നു. ജനനീതി കുടുംബാംഗങ്ങളിൽനിന്നും സ്വരൂപിച്ചെടുത്ത 30,000 രൂപയും വസ്ത്രങ്ങളും ഷൈമയ്ക്ക് നൽകി. ജനനീതി കുടുംബാംഗങ്ങളായ സുരേഷ്ബാബു, ജയശ്രീ, സുനിൽകുമാർ, ഫരീദ, അൻസാരി, സിനി, സജി ജോസഫ്, ഡോ. ജോർജ് മാത്തൻ, പ്രൊഫ. ഗോകുൽദാസ്, ജോർജ് പുലികുത്തിയിൽ തുടങ്ങിയവർ വിവാഹസൽക്കാരങ്ങളിൽ പങ്കെടുത്തു. ഷൈമക്ക് മുമ്പ് സ്റ്റെല്ല, വിനീത എന്നിവരെയും നിരവധി വൈതരണികൾ തരണം ചെയ്തശേഷം വിവാഹജീവിതത്തിലേക്ക് ആനയിക്കാൻ ജനനീതിക്ക് കഴിഞ്ഞിട്ടുണ്ട്.

*നിയമാനുസൃതവും അഴിമതിരഹിതവും സുരക്ഷിതവുമായ മരുന്നു പരീക്ഷണങ്ങൾ:*

സാമൂഹ്യ ഇടപെടൽ:-

കഴിഞ്ഞ 16 മാസമായി ജനനീതി പ്രവർത്തകർ പ്രതിബദ്ധതയോടെ ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരു മേഖല ആരോഗ്യരംഗത്ത് നടന്നുവരുന്ന മരുന്നു പരീക്ഷണങ്ങളുടേതാണ്. ഔഷധ വ്യാപാരം ആയുധവ്യാപാരത്തേക്കാൾ വിപുലവും വിധ്വംസകവുമായ ആഗോള വിപത്തായി മാറിയതോടെ, ദരിദ്രരുടെയും നിരക്ഷരരുടെയും നാടായ ഇന്ത്യ വിദേശക്കമ്പനികളുടെ പരീക്ഷണശാലയായി. നമ്മുടെ പ്രഗൽഭരും പ്രശസ്തരുമായ ഡോക്ടർമാരിൽ അധികവും ആഗോളകുത്തകക്കമ്പനികളുടെ ദല്ലാളന്മാരായി. മരുന്നുപരീക്ഷണങ്ങൾ ഔഷധക്കമ്പനികളുടെ പക്കൽനിന്നും ശതകോടികൾക്ക് ലേലം വിളിച്ചെടുക്കുന്ന കരാർ സംഘങ്ങൾ(CRO) നിലവിൽവന്നു. മെഡിക്കൽകോളേജുകൾപോലെ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ഗവേഷണ സ്ഥാപനങ്ങൾ കൂടാതെ സ്വകാര്യ ക്ലിനിക്കുകളിലും ലബോറട്ടറികളിലുംവരെ കരാർ സംഘങ്ങൾ പിടിമുറുക്കി. ഇവിടെയെല്ലായിടത്തും ഇരകളാക്കപ്പെടുന്നവർ ദരിദ്രരും ദുർബ്ബലരുമായ രോഗികൾതന്നെ. ആരോഗ്യസ്ഥാപനങ്ങളും ഡോക്ടർമാരും നിർവിഘ്നം നടത്തുന്ന കൊള്ളകളെ നിയന്ത്രിക്കുന്നതിനോ നിരോധിക്കുന്നതിനോ ഈ രാജ്യത്ത് വ്യക്തമായ നിയമങ്ങൾ ഇല്ലെന്നത് പ്രശ്നത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. നിലവിലുള്ള മാർഗ്ഗരേഖകളാകട്ടെ വ്യാപകമായും നിരന്തരമായും ലംഘിക്കപ്പെടുമ്പോഴും ഭരണകൂടങ്ങളും, നിയമസംവിധാനങ്ങളും ബോധപൂർവ്വം അജ്ഞത നടിക്കുന്നു. ജനനീതിയുടെ ഇടപെടലിന്റെ പാശ്ചാത്തലം ഇപ്പറഞ്ഞവയാണ്.

ഈ രംഗത്ത് ഒന്നാംഘട്ടം പ്രശ്നങ്ങൾ തിരിച്ചറിയാനും ഇരകളെ കണ്ടെത്താനും മുഖ്യമായി പ്രയോജനപ്പെടുത്തി. 2011 മാർച്ച് 1 മുതൽ ആരംഭിച്ച രണ്ടാംഘട്ടത്തിൽ കേരളത്തിലെ പതിനാല് ജില്ലകളിലും പൊതുജനങ്ങളെയും, സന്നദ്ധ സംഘടനകൾ, സർവ്വീസ് സംഘടനകൾ, പൗരാവകാശ പ്രസ്ഥാനങ്ങൾ, തൊഴിൽ സംഘടനകൾ, ആരോഗ്യ പ്രവർത്തകർ, ആശുപത്രികൾ, ഗവേഷകർ, ഔഷധ നിർമ്മാതാക്കളും വിപണനം നടത്തുന്നവരും തുടങ്ങിയവരെയും ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി ആഴ്ചകൾതോറും കുടുംബശ്രീ, സ്വാശ്രയ സംഘങ്ങൾ, തൊഴിൽ സംഘടനകൾ ബഹുജന പ്രസ്ഥാനങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. മാസംതോറുമുള്ള പരിപാടികളിൽ ആരോഗ്യ പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, പൗരാവകാശ പ്രവർത്തകർ, പാരാ-മെഡിക്കൽ വിദ്യാർത്ഥികൾ, നേഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവർക്കായി ചർച്ചകളും സെമിനാറുകളും നടത്തുമ്പോൾ, മുന്നുമാസത്തിലൊരിക്കൽ വീതം ഡോക്ടർമാർ, മെഡിക്കൽ വിദ്യാർത്ഥികൾ, ഗവേഷകർ, ഔഷധ നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ടവർ, നൈതികസമിതി അംഗങ്ങൾ എന്നിവർക്കായുള്ള സംവാദങ്ങളും ചർച്ചകളും നടത്തിവരുന്നു. ഇതിനും പുറമെ ആകാശവാണി, എഫ്.എം. റേഡിയോ, വിവിധ ചാനലുകൾ, ദിനപത്രങ്ങൾ മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ വഴിയും കൈപ്പുസ്തകങ്ങൾ, നോട്ടീസുകൾ, സ്റ്റിക്കറുകൾ, ബാനറുകൾ എന്നിവയിലൂടെയും മരുന്നു പരീക്ഷണങ്ങളിലടങ്ങിയിരിക്കുന്ന അപകട സാധ്യതകളെയും നീതിനിഷേധങ്ങളെയും ബഹുജന ശ്രദ്ധയിൽ കൊണ്ടുവരുന്നു. ആരോഗ്യ രംഗത്തെ അഴിമതികൾ പൊതുവായും, മരുന്നു പരീക്ഷണങ്ങളിലെ അക്രമങ്ങളും അഴിമതിയും പ്രത്യേകമായും നിരീക്ഷിക്കുന്നതിനും നടപടികൾ നിർദ്ദേശിക്കുന്നതിനുമായി ജില്ലകൾതോറും സന്നദ്ധരായവരുടെ കൂട്ടായ്മകളും രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പാലക്കാട്, തൃശൂർ, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഇതിനകം ഇത്തരം കൂട്ടായ്മകൾ നിലവിൽ വന്നുകഴിഞ്ഞു.

ജനനീതിയിൽ ആരംഭിച്ചിരിക്കുന്ന സഹായവേദി (Help Desk) ഈ രംഗത്ത് ഇരകളാക്കപ്പെടുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ എല്ലാവിധ സഹായങ്ങളും നൽകാൻ ഉദ്ദേശിക്കപ്പെട്ടതാണ്. നേരിട്ട് ഹാജരായോ, ഫോൺവഴിയോ ഈ സേവനം ജനനീതിയിൽനിന്ന് സ്വീകരിക്കാവുന്നതാണ്. 2011 മാർച്ച് 25ന് തൃശൂർ ജില്ലാ കലക്ടർ ശ്രീ. പി.ജെ. തോമസ് 'സഹായവേദി'യുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ, ഈ രംഗത്ത് ജനനീതിയുടെ മറ്റൊരു സംഭാവനയായ വിവരശേഖര(Information kit)ത്തിന്റെ പ്രകാശനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടിയും നിർവ്വഹിച്ചു. കേരളത്തിലെ മിക്കവാറും എല്ലാ മുഖ്യധാരാ പത്രങ്ങളും ചാനലുകളും മരുന്നുപരീക്ഷണങ്ങളിലെ ചൂഷണത്തിനെതിരെ പ്രതികരിച്ചു തുടങ്ങിയതും നമ്മുടെ ശ്രമങ്ങളുടെ സാമൂഹ്യഫലങ്ങളായി കാണേണ്ടതുണ്ട്.

ആരംഭത്തിൽ ജനനീതിയുടെ ഈ സംരംഭത്തെ മുൻവിധിയോടെ, ശക്തമായി എതിർക്കുകയും ദുരാരോപണങ്ങൾ ഉയർത്തുകയും ചെയ്തിരുന്ന



വ്യക്തികളും സ്ഥാപനങ്ങളും സംഘടിത പ്രസ്ഥാനങ്ങളും യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാനും സമീപനങ്ങൾ കൂടുതൽ സർഗാത്മകമാക്കാനും തുടങ്ങിയതായി ജനനീതി തിരിച്ചറിയുന്നുണ്ട്. അതിൽനിന്ന് ലഭിക്കുന്ന ചാരിതാർത്ഥ്യമോ വളരെ വലുതും.

*പരിസ്ഥിതി സംരക്ഷണത്തിന്:*

2010-11 പ്രവർത്തിവർഷത്തിൽ പരിസ്ഥിതി സംബന്ധമായ നിരവധി ഇടപെടലുകൾ ജനനീതി ഇതര സംഘടനകളോടും ജനകീയ മുന്നേറ്റങ്ങളോടും ചേർന്ന് നടത്തി. കാതിക്കൂടത്തെ NGIL ന്റെ പാരിസ്ഥിതിക മലിനീകരണത്തെ സംബന്ധിച്ച വിദഗ്ധമായ ഒരു പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. റിപ്പോർട്ട് തിരുവനന്തപുരത്തും തൃശൂരിലും പ്രത്യേകം പ്രത്യേകം പത്രസമ്മേളനം നടത്തി പ്രകാശനം ചെയ്തു. മുഖ്യമന്ത്രിയുൾപ്പെടെയുള്ള പ്രധാന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മാധ്യമങ്ങൾക്കും റിപ്പോർട്ട് നൽകി. ആക്ഷൻ കൗൺസിലിനുവേണ്ടി പഞ്ചായത്ത് വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിലും, കളക്ടറേറ്റിൽ വ്യവസായമന്ത്രി വിളിച്ച പ്രത്യേക യോഗത്തിലും ജനനീതി എക്സി. ഡയറക്ടർ ഹാജരായി വാദം നടത്തി. ഹൈക്കോടതിയിൽ അഡ്വ. ഡെയ്സി തമ്പി വഴി പൊതുതാൽപര്യഹർജി ഫയൽ ചെയ്തു. കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ, കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി ആക്ഷൻ കൗൺസിലിന്റെ സ്ഥാനാർത്ഥികൾക്കുവേണ്ടി എക്സി. ഡയറക്ടർ തിരഞ്ഞെടുപ്പു യോഗങ്ങളിൽ പ്രസംഗങ്ങൾ നടത്തി.

ഇക്കാലയളവിൽതന്നെ, ലാലൂർ നിവാസികളുടെ നിലനില്പിന് വേണ്ടിയുള്ള സമരങ്ങളിലും, ധർണ്ണ, ഉപവാസം, സത്യാഗ്രഹം എന്നിവയിലും ജനനീതിക്ക് വേണ്ടി പ്രൊഫ. ഗോകുൽദാസ്, ജോർജ് പുലികുത്തിയിൽ, അഡ്വ. ഹേമ, അഡ്വ. സുനിൽകുമാർ, ഡോ. ജോർജ് മാത്തൻ, സുരേഷ് ബാബു, ജയശ്രീ എന്നിവർ പങ്കെടുത്തു. പ്ലാച്ചിമട സമരത്തിന്റെ 8-ാം വർഷ അനുസ്മരണ സമ്മേളനത്തിലും ജനനീതി കുടുംബാംഗങ്ങൾ സജീവമായി പങ്കാളികളായി.

ചെന്നൈ അമേരിക്കൻ സ്ഥാനപതി കാര്യാലയത്തിലെ Dr. Mathew Beh സഹപ്രവർത്തകൻ ബിജുകുമാറിനൊപ്പം ജനനീതിയിൽ എത്തുകയും, പ്രത്യേകം ക്ഷണിക്കപ്പെട്ട സദസ്സിനോട് 'കാലാവസ്ഥാ വ്യതിയാനവും സമീപനങ്ങളും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയും ചെയ്തു. ജനനീതി ലോ ഓഫീസർ അഡ്വ. സുനിൽകുമാർ ദേശീയ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ചെറുസംഘത്തോടൊപ്പം ദൽഹിയിൽ പ്രകൃതി സംരക്ഷണം സംബന്ധിച്ച ഒരാഴ്ച നീണ്ട GLOBE Asia-Pacific Train the Trainers പരിപാടിയിൽ പങ്കെടുക്കുകയും, തുടർ പ്രവർത്തനമെന്ന നിലയിൽ സ്കൂൾ അധ്യാപകർക്കായി ഏകദിന പഠന ശിബിരം തൃശൂരിൽ സംഘടിപ്പിക്കുകയും ചെയ്തു.

ഇന്ത്യയിൽ പരിസ്ഥിതി രക്ഷക്കായി ഒരു Green Tribunal സ്ഥാപിക്കുന്നതു സംബന്ധിച്ച ഏകദിന ശില്പശാല എറണാകുളത്ത് സംഘടിപ്പിച്ചപ്പോൾ ജനനീതിയെ പ്രതിനിധീകരിച്ച് എക്സി. ഡയറക്ടർ പങ്കെടുത്തു. ഇവയ്ക്ക് പുറമെ പ്രകൃതിയുടെയും പ്രകൃതി വിഭവങ്ങളുടെയും മേൽ കുത്തകകൾ നടത്തിവരുന്ന കയ്യേറ്റങ്ങൾക്കെതിരെ ഇന്ത്യയുടെ പല ഭാഗങ്ങളിലായി നട

ന്നുവരുന്ന പ്രക്ഷോഭങ്ങളോടും പ്രതിഷേധങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും പ്രചാരണ സംരംഭങ്ങളിൽ ജനനീതി പങ്കാളിയാവുകയും ചെയ്തു.

*നിയമ സാക്ഷരത:*

നിയമ സാക്ഷരതക്കായി 62 പഠന സെമിനാറുകൾ റിപ്പോർട്ട് വർഷത്തിൽ, ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ജനനീതി സംഘടിപ്പിച്ചു. അവയിലൂടെ ആറായിരത്തിലധികം ഗ്രാമണ സ്ത്രീകളെ നിയമപരമായി ബോധവൽക്കരിക്കുന്നതിന് ജനനീതിക്ക് കഴിഞ്ഞു. എക്സി. ഡയറക്ടർ രചിച്ച "Legal Literacy - for Democracy, Social Empowerment and Good Governance"എന്ന പ്രബന്ധം ജപ്പാനിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'Human Rights Education in Asia - Pacific - Vol 1 എന്ന ജേർണലിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

*മനുഷ്യാവകാശ സംരക്ഷണം:*

മനുഷ്യാവകാശങ്ങളുടെ പ്രചാരണവും സംരക്ഷണവും എക്കാലത്തും ജനനീതിയുടെ മുഖ്യലക്ഷ്യമാണ്. കോഴിക്കോട്, കാലടി, കാർഷിക സർവ്വകലാശാലകളിൽ നിരവധി പ്രാവശ്യം ചർച്ചകളും സെമിനാറുകളും ഇക്കാലയളവിൽ ജനനീതി നടത്തി. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ, എൻജിനിയറിംഗ് കോളേജുകൾ, നേഴ്സിംഗ് സ്കൂളുകൾ എന്നിവിടങ്ങളിൽ ജനനീതി റിപ്പോർട്ട്വർഷം പരിപാടികൾ നടത്തി. കോളേജുകളിലും ആസ്പത്രികളിലും സർക്കാർ ഓഫീസുകളിലും റാഗിംഗ്, ലൈംഗിക പീഡനങ്ങൾ എന്നിവ തടയാനുള്ള സമിതികളിൽ ജനനീതി മുഖ്യപങ്ക് വഹിക്കുന്നു. ഇറോം ഷർമിളയുടെ നിരാഹാരം, Posco സമരം, ദന്തവാഡയിലെ ആദിവാസി വേട്ട, കൂടംകുളം, ജിത്താപൂർ ആണവ നിലയങ്ങൾ, എൻഡോസൾഫാൻ ഭീഷണി, കീടനാശിനികളുടെ സമൂലമായ നിരോധനം, ബലപ്രയോഗത്തിലൂടെയുള്ള കുടിയൊഴിപ്പിക്കൽ, രാജ്യത്തെ ഞെട്ടിച്ച വലിയ അഴിമതികൾ, ജനപ്രതിനിധിസഭകളിലെ കൊടും കുറ്റവാളികൾ, ഇന്ത്യയുടെ അമേരിക്കൻ പക്ഷപാതം, കേരളത്തിൽ പെരുകിവരുന്ന സായുധസേനാ കേന്ദ്രങ്ങൾ (അവ ജനാധിപത്യ സ്ഥാപനങ്ങളെ തകർക്കും) എന്നീ വിഷയങ്ങളിൽ പ്രസിഡന്റ്, പ്രധാനമന്ത്രി, ലോകസഭാ സ്പീക്കർ, ഇന്ത്യയുടെ ചീഫ് ജസ്റ്റീസ്, മനുഷ്യാവകാശ കമ്മീഷൻ, ബന്ധപ്പെട്ട മന്ത്രിമാർ എന്നിവർക്ക് ജനനീതി കത്തയയ്ക്കുകയും അടിയന്തിര നടപടികൾ ആവശ്യപ്പെടുകയും ചെയ്തു. മാധ്യമ പ്രവർത്തകയായ കെ.കെ.ഷാഹിനയെ ക്രിമിനൽക്കേസിൽപ്പെടുത്തി പീഡിപ്പിക്കാനുള്ള കർണാടക പോലീസിന്റെ ശ്രമത്തിനെതിരെയും, ഭരണകൂടം പട്ടാളത്തെ ഉപയോഗിച്ച് ദുർബ്ബല വിഭാഗങ്ങളെ അടിച്ചമർത്തുന്നതിനെതിരെയും (ദന്തെവാഡ, POSCO ഉദാഹരണങ്ങൾ), അകാരണമായും നിയമവിരുദ്ധമായും ഡോ. ബിനായക് സെന്നിനെ തുറുങ്കിലടച്ചതിനെതിരെയും, അഴിമതിക്കെതിരെ വിവരാവകാശം ഉപയോഗിച്ച പൊതുപ്രവർത്തകരെ അധോലോകം (ഭരണകൂടത്തിന്റെ മൗനാനുവാദത്തോടെ) കൊലപ്പെടുത്തുന്നതിനെതിരെയും അന്താരാഷ്ട്ര സമൂഹത്തിന്റെയും ഐക്യരാഷ്ട്ര സഭയുടെയും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ജനനീതി പരാതികൾ നൽകി. മനുഷ്യാവകാശ - പരിസ്ഥിതി പ്രവർത്തകനായ സി. ആർ. നീലകണ്ഠനെ ആക്രമിച്ചതിനെതിരെയും ശക്തമായ പ്രതിഷേധവുമായി ജനനീതി മുമ്പിലുണ്ടായിരുന്നു. മ്യാൻമറിലെ പട്ടാള മേധാവിയുടെ ഇന്ത്യൻ സന്ദർശന വേളയിൽ, ജനാധിപത്യ പൗരാവകാശങ്ങളുടെ പുനസ്ഥാപനത്തിന് മ്യാൻമാറിനെ നിർബ്ബന്ധിക്കണമെന്ന് പ്രധാനമന്ത്രിയോട് ഫാക്സ് മുഖേന ആവശ്യപ്പെട്ടു. നോബൽ സമ്മാനജേതാവായ ലിയു സിയാബോയ്ക്ക് അനുമോദനങ്ങൾ അർപ്പിച്ച് സന്ദേശം അയച്ചു. അദ്ദേഹത്തെ തടവിൽനിന്ന് വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് തൃശൂരിൽ സംഘടിപ്പിക്കപ്പെട്ട എല്ലാ പരിപാടികളിലും ജനനീതിയും മുന്നിലുണ്ടായിരുന്നു. ഭരണകൂടം ജനങ്ങൾക്ക്നേരെ നടത്തുന്ന യുദ്ധത്തെ അധികരിച്ച് സ്വാമി അഗ്നിവേശിന്റെ സാന്നിധ്യത്തിൽ തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിക്കപ്പെട്ട പൊതുയോഗത്തിലും ജനനീതിക്ക് വേണ്ടി എക്സി. ഡയറക്ടർ സജീവമായി പങ്കെടുത്തു. മനുഷ്യാവകാശ ദിനാചരണത്തിന്റെ ഭാഗമായി 2010 നവംബർ 25 മുതൽ ഡിസംബർ 10 വരെയുള്ള ദിനങ്ങളിൽ ചേതന മീഡിയ ഇൻസ്റ്റിട്യൂട്ടുമായി ചേർന്ന് ചിത്രപ്രദർശനങ്ങളും ചർച്ചയും സംഘടിപ്പിച്ചു. കർഷക ആത്മഹത്യകളെയും കാർഷികത്തകർച്ചയേയും പ്രതിപാദിക്കുന്ന ശ്രീ. പി. സായിനാഥിന്റെ Nero's Guest എന്ന ഹ്രസ്വചിത്രം ഒന്നിലധികം വേദികളിൽ അവതരിപ്പിച്ചുകൊണ്ട് ജനനീതി കർഷകർ അനുഭവിക്കുന്ന നീതിനിഷേധങ്ങളെ പൊതുജനസമക്ഷം അവതരിപ്പിച്ചു.

*ജനനീതിയുടെ ജനകീയ ഇടപെടലുകൾ:*

തൃശൂർ കോർപ്പറേഷന്റെ പതിനേഴാം ഡിവിഷന്റെ ഗ്രാമസഭ ജനനീതിയുടെ അങ്കണത്തിലാണ് നടന്നുവരുന്നത്. ജനനീതിയുടെ സൗകര്യങ്ങളും ആൾസഹായവും എല്ലായ്പ്പോഴും പ്രദേശവാസികളുടെ ഉന്നമനത്തിനായി വിനിയോഗിക്കപ്പെടുന്നു.

നഗരത്തിൽ പൊതുസമൂഹത്തിനായി ജനനീതി നടത്തിവന്നിരുന്ന 'ജനാധിപത്യത്തിന് വെല്ലുവിളികൾ' എന്ന പ്രഭാഷണ പരമ്പരയിലേക്ക് ശ്രീമതി അരുണാറോയിയും കടന്നുവന്നു. 2010 മെയ് 10-ാം തിയ്യതി തൃശൂർ സാഹിത്യ അക്കാദമിയിൽ ജനനീതി സംഘടിപ്പിച്ച പൊതുയോഗത്തിൽ അവർ അഴിമതിക്കെതിരായ പ്രഭാഷണം നടത്തി.

ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ, ആസ്പത്രികളിൽ ലൈംഗിക പീഡനത്തിനെതിരെ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ബോധവൽക്കരണ-പ്രതിരോധ പ്രവർത്തനങ്ങളിൽ ജനനീതി മുഖ്യ പങ്കാളിയാണ്. ജില്ലാ പഞ്ചായത്ത് വികസന സമിതിയിലും, പട്ടികവർഗ്ഗ ക്ഷേമ സമിതിയിലും എക്സിക്യൂട്ടീവ് ഡയറക്ടർ സജീവ അംഗമാണ്.

ജനനീതി കുടുംബാംഗമായ അഡ്വ. ഫരീദ അൻസാരി തൃശൂർ ചൈൽഡ് വെൽഫയർ കമ്മിറ്റിയംഗമെന്ന നിലയിൽ സ്തുത്യർഹമായ സേവനം ചെയ്തുവരുന്നു. കൂടാതെ കേരള പോലീസ് അക്കാദമിയിലും ഫാക്കൽറ്റിയംഗമായി ഫരീദയുടെ സേവനം നൽകുന്നുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി നടത്തപ്പെട്ടുവരുന്ന സോഷ്യൽ ഓഡിറ്റിംഗിൽ എക്സി. ഡയറക്ടർ നിരീക്ഷകനായി സേവനം ചെയ്തുവരുന്നു.

തൃശൂർ സെൻട്രൽ ജയിലിനോട് ചേർന്ന് ആരംഭിച്ചിരിക്കുന്ന National Institute of Correctional Administration ൽ അഡ്വ. സുനിൽകുമാർ ഫാക്കൽറ്റി അംഗമായി സേവനം നൽകിവരുന്നു.

*ഗാർഹിക-ലൈംഗിക പീഡനങ്ങൾക്കെതിരെ:*

1993 മുതൽ ജനനീതിയുടെ വിഭവശേഷി അധികവും ചെലവഴിക്കപ്പെടുന്നത് പീഡിതരായ സ്ത്രീകളുടെ നീതിക്കും നിയമസംരക്ഷണത്തിനും വേണ്ടിയാണ്. ഗാർഹിക പീഡന വിരുദ്ധ നിയമ (2005)മനുസരിച്ച് തൃശൂർ ജില്ലയിലെ സേവനദാതാവായി ജനനീതിയെ സർക്കാർ തെരഞ്ഞെടുക്കുകയും, ഏറ്റവും നല്ല സേവനദാതാവായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇരകളാക്കപ്പെടുന്ന സ്ത്രീകളുടെ സഹായത്തിനും സംരക്ഷണത്തിനുമായി എല്ലാ പ്രവൃത്തി ദിനങ്ങളിലും ഒരു വക്കീലിന്റെ സേവനം ജനനീതിയിൽ ലഭ്യമാണ്. സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾക്കും നീതി നിഷേധങ്ങൾക്കും നിയമത്തിന്റെ സംരക്ഷണം മാത്രം പോരെന്ന് ജനനീതി തിരിച്ചറിയുന്നു. സാമൂഹ്യവും, സാംസ്കാരികവും, സാമ്പത്തികവും, കുടുംബപരവും, മാനസികവും, വൈകാരികവുമായ ഘടകങ്ങളും തലങ്ങളും പരിഹരിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ സമഗ്രമായ സമീപനമാണ് ജനനീതി ഈ രംഗത്ത് സ്വീകരിച്ചുവരുന്നത്. സ്ത്രീകൾക്കുവേണ്ടി നടത്തുന്ന നിയമസാക്ഷരതാ ക്ലാസുകൾ അതിനാൽ പ്രധാനമാണ്. കുടുംബത്തിലും സമൂഹത്തിലും സ്ത്രീകളുടെ അധികാരവും പദവിയും അംഗീകരിക്കപ്പെടേണ്ടത് അത്രത്തോളം തന്നെ ആവശ്യമേറിയതാണ്. എല്ലാവർഷവും നവമ്പർ അവസാനവാരം, സ്ത്രീകൾക്കുനേരെ നടക്കുന്ന അക്രമങ്ങൾ തടയുന്നതിന് നീക്കിവയ്ക്കപ്പെട്ടതാണ്. ഈ ദിവസങ്ങളിൽ ജനനീതി പഞ്ചായത്തുകളിലും ഗ്രാമങ്ങളിലും സെമിനാറുകളും ചർച്ചാ സദസ്സുകളും സംഘടിപ്പിച്ചുവരുന്നു. 2010 നവമ്പർ 25ന് ജനനീതിയും ചേതന മീഡിയ ഇൻസ്റ്റിട്യൂട്ടും സംയുക്തമായി ചടങ്ങുകൾ സംഘടിപ്പിച്ചു. ഷൈനി ജേക്കബ്ബ് ബെഞ്ചമിൻ ദയാബായിയെക്കുറിച്ച് നിർമ്മിച്ച ഹ്രസ്വ ചിത്രത്തിന്റെ പ്രദർശനത്തോടെയായിരുന്നു തുടക്കം. ഷൈനിയും നടൻ വിജയരാഘവനും സന്നിഹിതരായിരുന്നു. ചിന്തകനും എഴുത്തുകാരനുമായ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. കുസുമം ജോസഫ് ആമുഖ പ്രഭാഷണം നടത്തി. 26ന് ദയാബായിയുടെ മുഖാമുഖം നടന്നു. പ്രൊഫ, സാറാ ജോസഫ് മുഖ്യ പ്രഭാഷണം നടത്തി.

*ബാലപീഡനങ്ങൾക്കും ചൂഷണത്തിനുമെതിരെ:*

ജനനീതി പ്രവർത്തകരായ അഡ്വ. ഫരീദ അൻസാരി, അഡ്വ. സുനിൽകുമാർ, അഡ്വ. ഹേമ കെ. ശ്രീധരൻ, പ്രൊഫ. എൻ.എൻ. ഗോകുൽദാസ്, ജോർജ് പുലികുത്തിയിൽ എന്നിവർ ബാലവേലയ്ക്കും ബാലപീഡനങ്ങൾക്കുമെതിരെ വിവിധ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സെമിനാറുകളും ക്യാമ്പുകളും നടത്തുന്നതിന് നേതൃത്വം നൽകി. ബാല ലൈംഗിക പീഡനത്തിനെതിരെ പാർലമെന്റിൽ ബിൽ അവതരിപ്പിക്കപ്പെട്ട വേളയിൽ ജനനീതി ബില്ലിനെ സവിസ്തരം പഠിച്ച്, സംവാദങ്ങൾ നടത്തി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് നല്കി. ഇന്ത്യയിലെ വിവിധ സംഘടനകൾ ചേർന്ന് ചെന്നൈ നഗരത്തിൽ കേന്ദ്ര നിയമ മന്ത്രി വീരപ്പ മൊയ്‌ലിയുടെ അധ്യക്ഷതയിൽ നടത്തിയ ചർച്ചകളിൽ ജനനീതിയും പങ്കാളിയായി. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള നയരൂപീകരണത്തിലും രാജ്യവ്യാപകമായി നടത്തപ്പെട്ട സംവാദങ്ങളിലും ജനനീതി സജീവമായി പങ്കെടുത്തു. ബാലനീതി സംബന്ധിച്ച് ബന്ധപ്പെട്ട സംഘടനകൾക്കും പ്രവർത്തകർക്കുമായി സമൂഹ്യവകുപ്പ് എലൈറ്റ് ഹോട്ടലിൽ 15/3/2011ന് സംഘടിപ്പിച്ച ശില്പശാലയിൽ എക്സിക്യ്യൂട്ടീവ് ഡയറക്ടർ മുഖ്യ വിഷയാവതരണം നടത്തി.



*അഡ്വ. ഫരീദയുടെ അമേരിക്ക പര്യടനം:*

അമേരിക്കയിലെ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന് കീഴിൽ Bureau of Education and Cultural Affairs സംഘടിപ്പിച്ച International Visitors' Leadership Program on Women and Justice 2011ന്റെ ഭാഗമായി ഇന്ത്യയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട രണ്ടു വനിതകളിൽ ഒരാൾ ജനനീതിയുടെ അഡ്വ. ഫരീദ അൻസാരിയായിരുന്നു. 2011 ഫെബ്രുവരി 26 മുതൽ മാർച്ച് 19 വരെ ദീർഘിച്ച പഠന-ഗവേഷണ യാത്രയിൽ 15 രാജ്യങ്ങളിൽനിന്നായി 19 പ്രതിനിധികൾ പങ്കെടുത്തു. സ്ത്രീകളും നീതിയും എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സംഘടനകൾ, ജനകീയ സംരംഭങ്ങൾ, ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകൾ, അമേരിക്കൻ സുപ്രീം കോടതി എന്നിവിടങ്ങളിൽ ഗവണ്മെന്റ് അതിഥിയായി സന്ദർശനം നടത്തുന്നതിനും ബന്ധപ്പെട്ടവരുമായി സംവദിക്കുന്നതിനും, ഇന്ത്യൻ സാഹചര്യങ്ങളും ജനനീതിയുടെ പ്രവർത്തനങ്ങളും സംഘാംഗങ്ങൾക്കും അമേരിക്കൻ സുഹൃത്തുക്കൾക്കും പരിചയപ്പെടുത്തുന്നതിനും ഈ സന്ദർശനത്തിലൂടെ അഡ്വ. ഫരീദയ്ക്ക് കഴിഞ്ഞു. അന്താരാഷ്ട്ര തലത്തിൽ ഉറ്റ സൗഹൃദങ്ങൾ രൂപപ്പെടാനും സന്ദർശനം സഹായിച്ചു.

*ജനനീതി സ്റ്റാഫ്:*

റിപ്പോർട്ട് വർഷത്തിൽ ജനനീതിയുടെ ബൃഹത്തായ പ്രവർത്തനങ്ങളെ മുന്നോട്ട് നയിച്ചത് സുരേഷ് ബാബു, ജയശ്രീ, അഡ്വ. സുനിൽകുമാർ, അഡ്വ. ഫരീദ അൻസാരി, അഡ്വ. ഹേമ കെ. ശ്രീധരൻ, സിന്ധു എന്നിവരാണ്. അഡ്വ. ഹേമ അഭിഭാഷകവൃത്തിയിലേക്ക് മുഴുവനായും ശ്രദ്ധിച്ചതിനാൽ പകരം അഡ്വ. പി. എൻ. സുനിത ജനനീതി കുടുംബാംഗമായി ചേർന്നു. മരുന്നു പരീക്ഷണങ്ങളേക്കുറിച്ചുള്ള പഠന-ഗവേഷണ ജോലികളിൽ സഹായിക്കുന്നതിന് സാമൂഹ്യ പ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദം നേടിയ ബിജോ യോഹന്നാൻ ടീമിന്റെ ഭാഗമായി. ഇവരെ കൂടാതെ ജനനീതി കുടുംബാംഗങ്ങളായ ഡോ. ഫ്രാൻസിസ് സേവ്യർ, പ്രൊഫ. ഗോകുൽദാസ്, ബിനു പൂർണ്ണമോദൻ, ആർ. വിജയരാജൻ, അഡ്വ. സെബി ജെ. പുല്ലേലി, അഡ്വ. ജിജോ പോൾ, അജയകുമാർ മേൽവീട്ടിൽ എന്നിവരുടെ സേവനം എല്ലാ അവസരത്തിലും നിർലോഭമായി ലഭിച്ചിട്ടുണ്ട്.

*അഭിഭാഷക കൂട്ടായ്മ:*

ജനനീതിയിലെത്തുന്ന നിർദ്ധനരായ പരാതിക്കാർക്ക് കോടതിയെ ആശ്രയിക്കേണ്ടിവരുന്ന അവസരങ്ങളിൽ ജനനീതിയെ അകമഴിഞ്ഞ് സഹായിക്കുന്നത് ഹൈക്കോടതിയിലും ജില്ലാ കോടതികളിലും അഭിഭാഷകരായ ജിജോപോൾ, ഡെയ്സി തമ്പി, ജയകുമാർ കർത്താ, ഷിബൂ തോമസ്, സജി ജോസഫ്, സെബി ജെ. പുല്ലേലി, സിനി സജി, സീന രാജഗോപാൽ, സോജൻ ജോബ്, ഹേമ കെ, ശ്രീധരൻ തുടങ്ങിയവരാണ്. അവരോടുള്ള കടപ്പാടുകൾ വളരെ വലുതാണ്.

ചുരുക്കത്തിൽ, ജനനീതിയുടെ നേട്ടങ്ങൾ എല്ലാവരുടേതുമാണ്. ഓരോ കാലത്ത് പ്രവൃത്തി പരിചയത്തിനായി ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി എത്തിയ യുവജനങ്ങളുടെ പങ്കാളിത്തവും വിജയങ്ങൾക്ക് തിളക്കമേകുന്നു. എല്ലാവരേയും നന്ദിയോടെ, കടപ്പാടുകളോടെ അനുസ്മരിച്ചുകൊണ്ട് ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നു.

(അഡ്വ. ജോർജ് പുലികുത്തിയേൽ, എസ്കിക്ക്യൂട്ടീവ് ഡയറക്ടർ) ❏

# ഒരു പിടി വിതണ്ഡവാദങ്ങൾ

ലോകപാൽ ബില്ലിന്ന് രൂപം നൽകാനായി ദൽഹിയിൽ ചൂടുപിടിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നതിന്നിടയിൽ, ഇപ്പുറത്ത് ചിലർ കുറെ വിതണ്ഡവാദങ്ങളുമായി പ്രത്യക്ഷപ്പെട്ടത് വേദനാജനകമായിരുന്നു. അത് വല്ലവരുമായിരുന്നുവെങ്കിൽ കുശുമ്പെന്നു പറഞ്ഞ് അവഗണിക്കാമായിരുന്നു. ഇത് അതല്ല; വിവരാവകാശ നിയമത്തിന്ന് രൂപം നൽകാൻ മുന്നിട്ടുനിന്നു പ്രവർത്തിക്കുകയും അതിൽ വിജയം കൈവരിക്കുകയും ചെയ്ത അരുണാ റോയിയും അവരുടെ സഹപ്രവർത്തകൻ കൂടിയായ നിഖിൽ ഡേയുമായിരുന്നു നിരർത്ഥകമായ വിതണ്ഡവാദങ്ങളുമായി കോലാഹലം സൃഷ്ടിച്ചത് (ഔട്ട്ലുക്ക് 20/6).

ഒരു ലോകപാൽ ബിൽ പാസാക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ട് ഏതാണ്ട് അര നൂറ്റാണ്ടുകാലമായി. ഇടക്കിടെ ഓരോ ബിൽ തയ്യാറാക്കി പാർലിമെന്റിൽ അവതരിപ്പിക്കും. നിക്ഷിപ്ത താല്പര്യക്കാരെല്ലാം ഈ ബില്ലിന്ന് എതിരായിരുന്നതിനാൽ, ഓരോ തവണയും ബിൽ ചാപിള്ളയായിത്തീരും. പ്രധാനമന്ത്രിയെ ബില്ലിന്റെ പരിധിയിൽപെടുത്തണമോ എന്നതായിരുന്നു പ്രധാന തർക്കവിഷയം (ഇന്നും അതു തീർന്നിട്ടില്ല). വാസ്തവത്തിൽ അടിയന്തരാവസ്ഥക്കാലത്ത് 42-ാം ഭരണഘടനാ ഭേദഗതി പാസാക്കിയതുതന്നെ, പ്രധാനമന്ത്രിയെ പ്രത്യേകമൊരു നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനായിരുന്നു. എട്ടുതവണ ബിൽ തയ്യാറാക്കി അവതരിപ്പിക്കുകയും അതെല്ലാം ലാപ്സാക്കി രക്ഷപ്പെടുക.യുമാണ് ഗവർമ്മേണ്ട് ചെയ്തിരുന്നത്.

ലോകപാൽ ബിൽ എങ്ങനെയാകണമെന്ന തർക്കം ഇന്നും തീർന്നിട്ടില്ല. ഈ ബില്ലിന്റെ കരടു രൂപം തയ്യാറാക്കാനായി ഒരു കമ്മിറ്റി സംഘടിപ്പിക്കാൻ ഗവർമ്മേണ്ട് ഈയിടെ സമ്മതിച്ചു. അഞ്ചു മന്ത്രിമാരും പൗരസമൂഹത്തിന്റെ അഞ്ചു പ്രതിനിധികളും അടങ്ങിയതാകണം കമ്മിറ്റിയെന്നും, ഈ കമ്മിറ്റി രൂപം നൽകുന്ന കരടു ബിൽ മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുകയും, മന്ത്രിസഭ അംഗീകരിച്ചാൽ അത് പാർലിമെന്റിൽ അവതരിപ്പിക്കുകയും, വേണമെന്നായിരുന്നു തീരുമാനം. കരടു ബിൽ തയ്യാറാക്കാനുള്ള കമ്മിറ്റിയിൽ അംഗങ്ങളാകേണ്ട അഞ്ചു മന്ത്രിമാരുടെ പേർ ഗവർമ്മേണ്ട് നിശ്ചയിച്ചു. പൗരസമൂഹത്തിന്റെ പ്രതിനിധികളായ അഞ്ചുപേർ ആരാകണമെന്ന കാര്യം പൗരസമൂഹത്തിന്നു വിട്ടു.

മഹാരാഷ്ട്രത്തിൽ അഴിമതിക്കെതിരെ പോരാടി അരഡസൻ മന്ത്രിമാരുടെ കസേര തെറിപ്പിച്ച അന്ന ഹസാരെ പണ്ടേ പ്രസിദ്ധനാണ്. ജഡ്ജിമാരുടെയെന്നല്ല, സുപ്രീം കോടതിൽ ചീഫ് ജസ്റ്റീസുമാരായിരുന്നവരുടെ അഴിമതികൾപോലും പുറത്തുകൊണ്ടുവരാനുള്ള ചങ്കൂറ്റം കാണിച്ച ശാന്തിഭൂഷൺ, പ്രശാന്ത് ഭൂഷൺ എന്നിവരേയും കർണാടക ലോകായുക്തയായി പ്രസിദ്ധനായ ഹെഗ്ഡെയേയും പൊതുപ്രവർത്തനത്തിന്ന് മാഗ്സേസെ അവാർഡ് നേടിയ കേസരിവാളിനേയും പൗരസമൂഹത്തിന്റെ പ്രതിനിധികളായി ഹസാരെ നിശ്ചയിച്ചു. അപ്പോഴാണ് ആകാശം ഇടിഞ്ഞുപൊളിഞ്ഞുവീണത്.

ഇന്ത്യയിൽ 120 കോടി ജനങ്ങളുണ്ട്. ഇവരിൽ ഉദ്യോഗസ്ഥന്മാർ ജഡ്ജിമാർ തുടങ്ങിയ ഒരു പിടി ആളുകളൊഴിച്ച് ബാക്കിയെല്ലാവരും "പൗരന്മാർ" എന്ന ഗണത്തിൽ പെടുന്നു. 120 കോടി വരുന്ന പൗരസമൂഹത്തിൽനിന്ന് ലോകപാൽ ബിൽ തയ്യാറാക്കാനുള്ള കമ്മിറ്റിയിലേക്കുള്ള അഞ്ചു പ്രതിനിധികളെ ആരാണ് തിരഞ്ഞെടുത്തത്? എന്താണതിന്നൊരു മാനദണ്ഡം. ഞാനും അതിന്നുയോഗ്യനല്ലേ? എന്നെ ഒഴിവാക്കി എന്റെ അയൽപക്കക്കാരനെ അംഗമാക്കിയതുതന്നെ അഴിമതിയല്ലേ? സാധാരണക്കാരാരെങ്കിലുമാണ് ഈ ചോദ്യം ചോദിച്ചതെങ്കിൽ അതിനെ അവ ➡

ഗണിക്കാമായിരുന്നു. പൊതു പ്രവർത്തന രംഗത്തിറങ്ങി പ്രവർത്തിച്ച് പേരും പ്രശസ്തിയും നേടിയവർതന്നെ ഈ ചോദ്യം ചോദിക്കുമ്പോൾ നാം അത്ഭുതപ്പെട്ടുപോകുന്നു. ത്യാഗമനോഭാവത്തോടെ പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിച്ച ആയിരമായിരം ജനങ്ങൾ ഇന്ത്യയിലുണ്ട്. ഇവരിൽനിന്ന് അഞ്ചുപേരെ ലോകപാൽ കമ്മിറ്റിയിലേക്ക് എങ്ങനെ തിരഞ്ഞെടുക്കും? പൗരസമൂഹ പ്രതിനിധികളെ കണ്ടെത്താൻ വേണ്ടിമാത്രം ഇന്ത്യയിൽ ഒരു ഹിതപരിശോധന നടത്താൻ സാധിക്കുമോ?

ലോകപാൽ കമ്മിറ്റിയിലേക്ക് ഇപ്പോൾ പൗരസമൂഹ പ്രതിനിധികളായി നിയോഗിക്കപ്പെട്ട അഞ്ചുപേർക്കെന്നല്ല, ഇവരിൽ ഒരാൾക്കുപോലും അതിന്നു യോഗ്യതയില്ലെന്ന് അരുണ റോയിയോ നിഖിൽ ഡേയോ ചൂണ്ടിക്കാണിച്ചിട്ടില്ല. അതല്ലെങ്കിൽ യോഗ്യരായ അഞ്ചുപേരുടെയെന്നല്ല, ഒരാളുടെ പേരുപോലും അരുണ റോയിക്കും അനുയായികൾക്കും ചൂണ്ടിക്കാണിക്കാനുമില്ല. അരുണയുടെ ലേഖനം നിറയെ ചോദ്യങ്ങളാണ്; ഒരെണ്ണത്തിന്നു പോലും അവർ ഉത്തരം നൽകുന്നുമില്ല. ആർ.എസ്. എസ്. കാർ പൗരസമൂഹത്തിൽ പെടില്ലേ? ഈയിടെ ഒരു ദിവസം ദൽഹിയിൽ കോലാഹലമുണ്ടാക്കിയ ബാബ രാംദേവ് പൗരസമൂഹത്തിൽ പെടില്ലേ? ഹസാരേയുടെ അനുയായികളും ബാബയുടെ നുയായികളും ഒരേ സെറ്റിൽ പെട്ടതാണോ? ചോദ്യങ്ങൾ ഇങ്ങനെ മലവെള്ളംപോലെ പെരുകിപ്പെരുകിപ്പോകുന്നു.

ഈശ്വരാധീനംകൊണ്ട് അരുണ റോയിക്ക് മറുപടി പറയാൻ, അഥവാ തർക്കിക്കാൻ, ഇതുവരെ ആരും മുതിർന്നിട്ടില്ല. അരുണ റോയിയെക്കുറിച്ചുണ്ടായിരുന്ന ബഹുമാനാദരങ്ങൾക്ക് ക്ഷതമേറ്റു എന്നതൊഴിച്ചാൽ ഈ വിതണ്ഡവാദങ്ങൾ ആരേയും എങ്ങും എത്തിച്ചിട്ടുമില്ല. പൗരസമൂഹം എന്ന പദം ഇങ്ങനെയൊന്നും ഉപയോഗിക്കാൻ പാടില്ലായിരുന്നുവെന്നതാണ് അരുണ റോയിയുടെ മുഖ്യ പരാതിയെന്നു തോന്നുന്നു. പിന്നെ എന്തുപദം ഉപയോഗിക്കേണ്ടതായിരുന്നുവെന്ന് അവരൊട്ടു നിർദ്ദേശിച്ചിട്ടുമില്ല.

അരുണ റോയിയുടെ ലേഖനത്തിന്റെ തലക്കെട്ടുതന്നെ അർത്ഥവത്താണ് - നേതി, നേതി- അതല്ല, ഇതുമല്ല! പിന്നെ ഏതാണ്? ആവോ? ❑

# അഴിമതി നിവാരണ കാര്യത്തിൽ ഗവർമ്മേണ്ടിന്ന് താല്പര്യമുണ്ടോ?

- അന്ന ഹസാരെ ടീം -

എണ്ണ-പ്രകൃതി വാതക ഖനനം സംബന്ധിച്ച കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഏറ്റവും പുതിയ കരടു റിപ്പോർട്ട് സമീപകാലത്ത് പുറത്തുവന്ന വൻകിട കുംഭകോണങ്ങളിൽ അവസാനത്തേത് മാത്രമാണ്. ഖനനം ചെയ്തെടുക്കുന്ന എണ്ണയും വാതകവും പങ്കിടുന്നത് സംബന്ധിച്ച് ഗവർമ്മേണ്ടും റിലയൻസ് കമ്പനിയും തമ്മിലുണ്ടാക്കിയ കരാർ സംബന്ധിച്ചുള്ളതാണ് ഈ കരടു റിപ്പോർട്ട്. ലോകത്തിലെ വിവിധ രാജ്യങ്ങളിലെ അഴിമതിയുടെ തോത് സംബന്ധിച്ച് ട്രാൻസ്പാരൻസി ഇന്റർനാഷനൽ കൊല്ലംതോറും പ്രസിദ്ധീകരിച്ചുവരുന്ന പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം പിന്നെയും പിന്നെയും ഇടിഞ്ഞുകൊണ്ടിരിക്കുന്നതിൽനിന്നുതന്നെ ഇന്ത്യയിലെ അഴിമതിയുടെ ആഴവും പരപ്പും ഒരാൾക്ക് മനസ്സിലാക്കാം. ഇന്ത്യയിലെ ഒരോ പൗരനേയും അഴിമതി ബാധിച്ചുകൊണ്ടിരിക്കുന്നു എന്നാണിത് കാണിക്കുന്നത്. നിങ്ങൾക്കൊരു റേഷൻ കാർഡ് കിട്ടമണമെങ്കിൽ, അല്ലെങ്കിൽ

ഒരു പാസ്പോർട്ട് ലഭിക്കണമെങ്കിൽ, കെട്ടിട നിർമ്മാണത്തിന്ന് അനുമതി ലഭിക്കണമെങ്കിൽ, സാധാരണ ബിസിനസ്സ് നടത്തണമെങ്കിൽ കൈക്കോഴ നൽകിയേ തീരൂ എന്നതാണിന്നത്തെ സ്ഥിതി. സാധനങ്ങൾ കൊണ്ടുനടന്നു വിൽപ്പന നടത്തുന്നവരും റിക്ഷവണ്ടി വലിക്കുന്നവർ പോലും കൈക്കോഴ നൽകേണ്ടിവരുന്നു. തൊഴിലവകാശ പദ്ധതി പ്രകാരം പണിയെടുത്തവർക്ക് വേതനം ലഭിക്കണമെങ്കിൽ ഉദ്യോഗസ്ഥന്മാർക്ക് കൈക്കോഴ നൽകണം. ക്ഷേമ പദ്ധതികൾ പ്രകാരം പാവങ്ങൾക്കവകാശപ്പെട്ട സൗജന്യങ്ങൾ ലഭിക്കാനും കൈക്കോഴ കൊടുത്തേ തീരൂ. ഉന്നത തലങ്ങളിലുള്ളവരുടെ അഴിമതികളെപ്പറ്റി പറയേണ്ടതില്ല. അവർ ഖജനാവ് ഒന്നാകെ കൊള്ളയടിക്കുകയാണ് ചെയ്യുന്നത്. സർക്കാരിന്റെ നയങ്ങളെയാകെ ഇവർ വികലമാക്കുന്നു. എല്ലാ രംഗത്തും ക്രിമിനൽ മാഫിയകൾ വിഹരിക്കുന്നു. അധികാരം കയ്യാളുന്നിടത്തെല്ലാം ക്രിമിനൽ മാഫിയകൾ വിരാജിക്കുന്നുണ്ട്. കീഴ്ത്തലങ്ങളിലെ അഴിമതി പൗരജീവിതത്തെ അസാധ്യമാക്കിത്തീർത്തിരിക്കുന്നു.

സാർവ്വത്രികമായ, സർവ്വസ്പർശിയായ ഈ അഴിമതികൾക്കെല്ലാം പ്രധാന കാരണം ചോദിക്കാനും പറയാനും ആരുമില്ലെന്നതാണ്. സ്വതന്ത്രമായ, വേണ്ടത്ര അധികാരങ്ങളോടുകൂടിയ, ഉത്തരവാദപ്പെട്ട ഒരു സ്ഥാപനം അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ഇല്ലെന്നതാണ് പ്രധാന കാരണം. അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാനും പ്രോസിക്ക്യൂഷൻ നടപടിയെടുക്കാനും വിശ്വസനീയമായ ഒരു സ്ഥാപനവും ഇന്നില്ല. സി.ബി.ഐ. ഉണ്ട്. പക്ഷെ സകല അഴിമതികൾക്കും കുടപിടിക്കുന്നവരാണ് അതിനെ നിയന്ത്രിക്കുന്നത്. ഏത് അഴിമതിക്കാരെക്കുറിച്ചാണോ അന്വേഷിക്കേണ്ടത്, ഏത് അഴിമതിക്കാരെയാണോ പ്രോസിക്യൂട്ട് ചെയ്യേണ്ടത്, ആ അഴിമതിക്കാരുടെ അനുമതി കിട്ടിയാലേ സി.ബി.ഐ.ക്ക് അന്വേഷണം നടത്താൻ തന്നെ സാധിക്കൂ. ഇന്ത്യക്കൊരു സെൻട്രൽ വിജിലൻസ് കമ്മീഷണറുണ്ട്. പക്ഷെ ഈ കമ്മീഷണർ ആരായിരിക്കണമെന്ന് തീരുമാനിക്കേണ്ടത് പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും പ്രതിപക്ഷ നേതാവുമടങ്ങിയ ഒരു സമിതിയാണ്. നട്ടെല്ലില്ലാത്ത ഉദ്യോഗസ്ഥരെ തിരഞ്ഞുപിടിച്ച് വിജിലൻസ് കമ്മീഷണർമാരാക്കണമെന്നത് ഇവരുടെ നിക്ഷിപ്ത താല്പര്യമാണ്. അതുമാത്രമല്ല കാര്യം. വിജിലൻസ് കമ്മീഷണർക്ക് ശുപാർശ സമർപ്പിക്കാൻ മാത്രമേ അധികാരമുള്ളൂ. ഈ കമ്മീഷണർമാരുടെ ശുപാർശകളിൽ മിക്കതും അധികാരികൾ അവഗണിക്കുകയാണ് പതിവ്. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുന്നതിലാണ് രാഷ്ട്രീയക്കാർക്ക് താല്പര്യം. ഇതിനെല്ലാമപ്പുറത്ത് കോടതിയുണ്ട്. ഒരു കേസ് കോടതിയിലെത്തിയാൽ വിചാരണ നടത്തി ഒരു വിധി പ്രസ്താവിക്കാൻ യുഗങ്ങൾതന്നെ വേണ്ടിവരും. പോരെങ്കിൽ കോടതികളും അഴിമതിയിലാണ്ടുകിടക്കുന്നവയാണ്. ഉന്നത സ്ഥാനങ്ങളിലുള്ള ജഡ്ജിമാർക്ക് ആരോടും ഒരു ഉത്തരവാദിത്വവുമില്ലതാനും. ജഡ്ജിമാരുടെ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ഫലപ്രദമായ ഒരു സംവിധാനവുമില്ല.

ഈ വക കാരണങ്ങളാലാണ് സ്വതന്ത്രമായ ഒരു ലോകപാൽ ഉണ്ടാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഈ ലോകപാൽ ഗവർമ്മേണ്ടിൽനിന്നും തികച്ചും സ്വതന്ത്രമായിരിക്കണം. കേന്ദ്ര ഗവർമ്മേണ്ടിന്റെ കീഴിലുള്ള ഏതു ഉദ്യോഗസ്ഥനെക്കുറിച്ചും അന്വേഷിക്കാനുള്ള അധികാരം ലോകപാലിനുണ്ടാകണം; പ്രധാനമന്ത്രിയും ഉയർന്ന ജഡ്ജിമാരും ലോകപാലിന്റെ പരിധിയിൽ വരണം (മുഖ്യമന്ത്രിമാരും മന്ത്രിമാരും സംസ്ഥാന ഉദ്യോഗസ്ഥന്മാരും ലോകായുക്തയുടെ പരിധിയിലായിരിക്കും). ലോകപാൽ അംഗങ്ങൾക്കെതിരെ അഴിമതിയാരോപണം ഉയർന്നുവന്നാൽ കയ്യോടെ നടപടിയെടുക്കണം. ഇതൊന്നും ഞങ്ങളുടെ കണ്ടുപിടുത്തമല്ല. കേന്ദ്ര ഗവർമ്മേണ്ട് അംഗീകരിച്ചതും അടിയൊപ്പുവച്ചുകൊടുത്തതുമായ ഐക്യരാഷ്ട്രസമിതിയുടെ അഴിമതി വിരുദ്ധ കൺവെൻഷനിലെ വ്യവസ്ഥകളാണിവ.

ഞങ്ങൾ നിർദ്ദേശിച്ച ജനകീയ ലോകപാൽ ബിൽ പ്രകാരം രൂപീകരിക്കുന്ന ലോകപാലിൽ പതിനൊന്നംഗങ്ങളാണുണ്ടാവുക. വിശാലാടിസ്ഥാനത്തിലുള്ള ഒരു സെലക്ഷൻ കമ്മിറ്റിയാണ് ഇതിലെ അംഗങ്ങളെ തിരഞ്ഞെടുക്കുക. പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, ചീഫ് എലക്ഷൻ കമ്മീഷണർ, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ, സുപ്രീം കോടതിയിലെ രണ്ടു ജഡ്ജിമാർ, രണ്ടു ഹൈക്കോടതികളിലെ ചീഫ് ജസ്റ്റീസുമാർ എന്നിവർ ഉൾപ്പെട്ടതായിരിക്കും സെലക്ഷൻ കമ്മിറ്റി. റിട്ടയർ ചെയ്ത ചീഫ് എലക്ഷൻ കമ്മീഷണർമാരും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽമാരുമടങ്ങിയ ഒരു കമ്മിറ്റി പരസ്യം നൽകിയാണ് ആദ്യത്തെ സെലക്ഷൻ കമ്മിറ്റിയിലേക്കുള്ളവരെ കണ്ടെത്തുക. ഇതനുസരിച്ച് അപേക്ഷ സമർപ്പിച്ചവരിൽനിന്ന് സെലക്ഷൻ കമ്മിറ്റിയിലിരിക്കാൻ യോഗ്യരായവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കും. ഈ ലിസ്റ്റിൽപെട്ടവരെക്കുറിച്ച് ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിശോധിച്ച ശേഷമാണ് ലോകപാൽ സമിതിയിലേക്കുള്ളവരെ സെലക്ട് ചെയ്യുക.

പതിനൊന്നംഗങ്ങളടങ്ങിയ ലോകപാലിന്ന് സ്വന്തമായി ഒരന്വേഷണ സമിതിയുണ്ടായിരിക്കും. ലോകപാലിന്നു ലഭിക്കുന്ന പരാതികളെക്കുറിച്ച് അന്വേഷിക്കുന്നത് ഈ അന്വേഷണ സമിതിയായിരിക്കും. അന്വേഷണത്തിൽ അഴിമതി നടന്നിട്ടുണ്ടെന്ന് ബോധ്യം വന്നാൽ നിലവിലുള്ള നീതിന്യായ സംവിധാന പ്രകാരം രൂപീകരിക്കുന്ന സ്പെഷൽ കോടതികളിൽ അഴിമതിക്കാരെ പ്രോസിക്യൂട്ട് ചെയ്യും. അഴിമതിക്കേസുകൾ ഒരു കൊല്ലത്തിന്നകം വിചാരണ ചെയ്ത് തീർപ്പുകൽപ്പിക്കാൻ ആവശ്യമായേടത്തോളം സ്പെഷൽ കോടതികൾ രൂപീകരിക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ തൽസ്ഥാനങ്ങളിൽനിന്ന് നീക്കം ചെയ്യാൻ വിജിലൻസ് ഡിപ്പാർട്ടുമെന്റ് രൂപീകരിക്കും. അഴിതിയാരോപണത്തിന്ന് വിധേയരായവർക്ക് ഈ വിജിലൻസ് മുമ്പാകെ ഹാജരായി ന്യായവാദം നടത്താവുന്നതാണ്. ഇതെല്ലാം കഴിഞ്ഞ് ലോകപാൽ പുറപ്പെടുവിക്കുന്ന കല്പനയനുസരിച്ച് പ്രവർത്തിക്കാൻ ഗവർമ്മേണ്ട് ബാധ്യസ്ഥമായിരിക്കും. അഴിമതിക്കാരുടെ മേലുദ്യോഗസ്ഥന്മാർക്ക് ഇന്നത്തെപ്പോലെ അഴിമതിക്കാരെ സംരക്ഷിക്കാനാകാത്ത സ്ഥിതി കൈവരുത്താനാണിത്. മേലുദ്യോഗസ്ഥന്മാരിൽ പലരും അഴിമതിയിൽ പങ്കുപറ്റി അഴിമതിക്കാരെ സംരക്ഷിക്കുന്നവരാണ്.

ചുരുക്കി പറഞ്ഞാൽ, ഗവർമ്മേണ്ടിൽനിന്നും സ്വതന്ത്രമായ സമഗ്രമായൊരു സ്ഥാപനമായിരിക്കും ലോകപാൽ. ലോകപാലിലെ പതിനൊന്നംഗങ്ങളും സുപ്രീം കോടതിയോട് ഉത്തരവാദപ്പെട്ടവരായിരിക്കും. ലോകപാലിലെ അംഗങ്ങളെക്കുറിച്ചുണ്ടാകുന്ന പരാതികൾ പരിശോധിക്കാനും, പരാതി ശരിയാണെന്നു കണ്ടാൽ പരാതിക്കിരയായവരെ നീക്കം ചെയ്യാനും സുപ്രീം കോടതിക്കധികാരമുണ്ടായിരിക്കും. ലോകപാൽ പ്രകാരമുള്ള അന്വേഷണ ഏജൻസിയും വിജിലൻസ് വിഭാഗവും സംസ്ഥാനങ്ങളിൽ രൂപീകരിക്കുന്ന മേൽനോട്ട വിഭാഗത്തിന്നു വിധേയമായിരിക്കും. കംപ്ട്രോളർ ആൻഡ് ഓഡി

റ്റർ ജനറലിന്റെ ഓഡിറ്റിന്നും ലോക പാൽ വിധേയമായിരിക്കും. ലോകപാലിന്റെ കൽപനകൾ ഹൈക്കോടതികൾക്കും സുപ്രീം കോടതിക്കും പരിശോധിച്ച് കല്പന പുറപ്പെടുവിക്കാൻ കഴിയും.

ലോകപാൽ ബിൽ തയ്യാറാക്കാൻ സംഘടിപ്പിച്ച കമ്മിറ്റിയിലെ സർക്കാർ അംഗങ്ങളായ മന്ത്രിമാർ മേൽ പറഞ്ഞ നിർദ്ദേശങ്ങളിൽ മിക്കവയും തിരസ്കരിച്ചിരിക്കുകയാണ്. അവരുടെ ദൃഷ്ടിയിൽ ലോകപാൽ എന്നത് ഒരു പതിനൊന്നംഗ കമ്മിറ്റി മാത്രമാണ്. ഈ പതിനൊന്നംഗങ്ങൾ തന്നെ എല്ലാ തീരുമാനവുമെടുക്കണം. ഒരു അഴിമതി വിരുദ്ധ സംവിധാനമെന്നതിന്നു പകരം, ഉന്നത തലത്തിലെ അഴിമതി പരിശോധിക്കാനുള്ള ഒരു കമ്മിറ്റി മാത്രമായിരിക്കും അത്. അതിൽ പോലും പ്രധാനമന്ത്രിയേയോ ഹൈക്കോടതി - സുപ്രീം കോടതി ജഡ്ജിമാരേയോ ഉൾപ്പെടുത്താൻ അവർ തയ്യാറില്ല; കൈക്കോഴ വാങ്ങി വോട്ടു ചെയ്യുന്ന എം.പി. മാരെപ്പോലും വർ ലോകപാലിന്റെ പരിധിയിൽ പെടുത്താൻ തയ്യാറില്ല. അതിനെല്ലാം പുറമെ, ശുപാർശകൾ സമർപ്പിക്കാനുള്ള അധികാരം മാത്രമേ അവർ ലോകപാലിന്നു നൽകുന്നുള്ളൂ. ഇന്നത്തെ ചീഫ് വിജിലൻസ് കമ്മീഷണർ ചെയ്യുന്നതുപോലെ!

ഈ വക കാര്യങ്ങൾ പരസ്യമായൊരു സംവാദത്തിന്നു സമർപ്പിക്കാൻ പോലും മന്ത്രിമാർ തയ്യാറല്ല. ലോകപാൽ രൂപീകരണത്തിന്നുള്ള കമ്മിറ്റിയിൽ നടക്കുന്ന ചർച്ചകൾ അതേപടി ജനസമക്ഷം സമർപ്പിക്കാൻ പോലും അവർ തയ്യാറില്ല. ഈ സാഹചര്യത്തിൽ, മന്ത്രിമാർ അവരുടേതായ ലോകപാൽ ബിൽ തയ്യാറാക്കട്ടെ, ഞങ്ങൾ ഞങ്ങളുടേതായ കരടുബിൽ തയ്യാറാക്കാം. എന്നിട്ടതു രണ്ടും മന്ത്രിസഭയുടെ പരിഗണനക്കു സമർപ്പിക്കാം. അതിൽ ഏത് കരടുബിൽ പാർലിമെന്റ് മുമ്പാകെ സമർപ്പിക്കണമെന്ന് മന്ത്രിസഭ തീരുമാനിക്കട്ടെ. പക്ഷെ ഗവർമ്മേണ്ട് അതിന്നും തയ്യാറില്ല. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കാണ് നിയമനിർമ്മാണത്തിന്നധികാരമെന്ന് മന്ത്രിമാർ ആവർത്തിച്ചു പറയുന്നു. പൗരസമൂഹത്തിന്ന് ഇതിലൊന്നും ഒരു കാര്യവുമില്ലെന്ന് അവർ ഞങ്ങളെ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. അധികാരത്തിന്റെ അഹങ്കാരമാണിതിൽ പ്രതിഫലിക്കുന്നത്. തങ്ങൾ ജനപ്രതിനിധികൾ മാത്രമാണെന്നും ജനാഭിലാഷമനുസരിച്ച് നിയമ നിർമ്മാണം നടത്തുകയും തദനുസൃതമായി ഭരണം നടത്തുകയുമാണ് തങ്ങളുടെ ചുമതലയെന്നുമുള്ള വസ്തുത ഈ മന്ത്രിമാർ മറന്നു പോകുന്നു. അതിനാൽ ഏതു ലോകപാൽ ബില്ലാണ് പാസാക്കേണ്ടത് എന്നു തീരുമാനിക്കുമ്പോൾ, ജനങ്ങൾക്ക് ഏതാണാവശ്യമെന്ന് അവർ കണ്ടെത്തണം.

> ഇനി അഥവാ അതിൽ വല്ല സംശയവുമുണ്ടെങ്കിൽ, സംശയസ്ഥാനത്തുള്ള കാര്യങ്ങൾ ഒരു ഹിത പരിശോധനക്ക് സമർപ്പിക്കുകയുമാകാം.

രാജ്യത്താകെ നടമാടുന്ന അഴിമതി കണ്ട് ജനങ്ങൾക്ക് പൊറുതിമുട്ടിയിരിക്കുന്നു; അവർക്ക് മതിയും കൊതിയും തീർന്നു. തന്മൂലം ഈടുള്ള സ്വതന്ത്രമായ ഒരു ലോകപാൽ ബിൽ പാസാക്കാൻ അവർ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്. ജനാഭിലാഷത്തിന്ന് എതിരായി നിൽക്കുന്ന ഏതു ഗവർമ്മേണ്ടും ഏതു പാർട്ടിയും ആ നിശ്ചയദാർഢ്യത്തിന്നു മുന്നിൽ തകർന്നു പോകുമെന്ന് ഓർത്തിരിക്കുന്നത് നല്ലതാണ്.

(അന്ന ഹസാരെ ടീമിന്നുവേണ്ടി പ്രശാന്ത് ഭൂഷൺ തയ്യാറാക്കി "ഹിന്ദു"വിൽ പ്രസിദ്ധീകരിക്കാനായി സമർപ്പിച്ചതാണ് ഈ ലേഖനം. ഹിന്ദു - ജൂൺ 20) ❏



# മരിച്ചിട്ടും ജീവിക്കുന്ന ഒസാമ ബിൻ ലാദൻ

- ടോം ഏഞ്ചലാർട്ട് -

1960-കളിലാണ്, വിയറ്റ്നാം യുദ്ധം കത്തിപ്പടരുന്ന കാലം. അമേരിക്കയിലെ വെർമോണ്ടിൽനിന്നുള്ള സെനറ്ററായ ജോർജ് ഐക്കൻ അക്കാലത്ത് ഭരണം നടത്തിയ രണ്ട് അമേരിക്കൻ പ്രസിഡണ്ട്മാർക്ക് വിയറ്റ്നാമിൽനിന്ന് തലയൂരാനുള്ള കുറുക്കുവഴി പറഞ്ഞുകൊടുത്തു. അതിതാണ്. യുദ്ധത്തിൽ അമേരിക്ക ജയിച്ചുവെന്ന് പ്രഖ്യാപിച്ചുകൊണ്ട് അമേരിക്കൻ ഭടന്മാരെയാകെ തിരിച്ചു വിളിക്കുക. അന്ന് ഈ ഉപദേശത്തെ പാടെ തിരസ്കരിച്ചുവെന്ന് പറയേണ്ടതില്ല.

ആ കുറുക്കുവഴി നോക്കാൻ അമേരിക്കക്ക് ഒരവസരം കൂടി കൈവന്നിരിക്കുന്നു. ഇത്തവണ വിയറ്റ്നാമിലല്ല; അഫ്ഘാനിസ്ഥാനിലും പാക്കിസ്താനിലും പ്രയോഗിക്കാവുന്ന തന്ത്രമാണിത്. അമേരിക്ക അവിടെ ചെന്നുകുടുങ്ങിയിട്ടിപ്പോൾ കൊല്ലം പത്തായി.

ഒസാമ ബിൻ ലാദന്റെ കഥകഴിഞ്ഞുവെന്ന് അന്ധനും ബധിരനും മൂകനുമല്ലാത്ത എല്ലാവർക്കും അറിയാം. മൂന്നു ചിത്രമെടുത്ത് അമേരിക്കൻ സൈന്യത്തിന്ന് നാട്ടിലേക്ക് മടങ്ങാമായിരുന്നു. നിർഭാഗ്യവശാൽ അതുണ്ടായില്ല. അമേരിക്കക്കാരെ സംബന്ധിച്ചിടത്തോളം ഒസാമ മരിച്ചുവെന്നത് ഇന്ന് ഒരു മിഥ്യയാണ്. ഏതുവിധത്തിൽ നോക്കിയാലും ഒസാമ യുദ്ധം തുടർന്നുകൊണ്ടേയിരിക്കും. അതല്ലെങ്കിൽ പ്രസിഡണ്ട് ഒബാമ അമേരിക്കയുടെ നയം മാറ്റണം. ഒബാമ യുദ്ധം ചെയ്തുകൊണ്ടേയിരിക്കുമെന്ന് ഉറപ്പ് വരുത്തുന്നത് നമ്മൾ അമേരിക്കക്കാർ തന്നെയാണ്. പ്രസിഡണ്ട് ബുഷ് പറഞ്ഞ ആ പൊങ്ങച്ചമുണ്ടല്ലൊ - ഭീകര പ്രവർത്തനത്തിന്നെതിരായ ആഗോള യുദ്ധം - മറ്റാരുമില്ലെങ്കിലും അമേരിക്കക്കാർക്ക് അതു തുടർന്നേ തീരൂ എന്നുവരും.

ഒസാമ കൊല്ലപ്പെടുന്നതിന്നു മുമ്പു തന്നെ അറബി ലോകം അദ്ദേഹത്തെ കുഴിച്ചുമൂടിക്കഴിഞ്ഞിരുന്നു. അവിടെ ഇപ്പോൾ ശ്രദ്ധാകേന്ദ്രമായിരിക്കുന്നത് "അറബി വസന്ത"മാണ്. അറബി രാജ്യങ്ങളിലെ സ്വേഛാധിപതിമാരെ വേരോടെ പിഴുതെറിയാനായി താരതമ്യേന അഹിംസാത്മകമായി നടന്നുവരുന്ന വമ്പിച്ച പ്രക്ഷോഭണങ്ങളാണ് അവിടെ വേലിയേറ്റം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. അവിടങ്ങളിൽ ഒസാമയുടെ മരണം ചരിത്രത്തിലെ ഒരടിക്കുറിപ്പു മാത്രമാണ്.

വിരോധാഭാസമെന്നു പറയട്ടെ, ഒസാമ മൂലം ചരിത്രമാകെ മാറിമറിഞ്ഞത് പശ്ചിമേഷ്യയിലല്ല. ഇവിടെ അമേരിക്കയിലാണ്. ഒസാമയെ കൊന്നോളൂ; അദ്ദേഹത്തെ കടലിൽ സംസ്കരിച്ചുകൊള്ളൂ; ഒരു ചിത്രം പോലും പുറത്തു വിടാതിരുന്നുകൊള്ളൂ. അമേരിക്ക അതിന്റെ വിനാശകരമായ യുദ്ധം തുടരുന്നിടത്തോളം കാലം ഒസാമയുടെ പ്രേതം അമേരിക്കക്കെതിരെ പോരാടിക്കൊണ്ടിരിക്കും. എന്തൊക്ക പറഞ്ഞാലും വലിയൊരു തിരശ്ശീലക്കു പിന്നിൽ നിൽക്കുന്ന ചെറിയൊരാളായിരുന്നു ഒസാമ. അദ്ദേഹത്തിന്റെ നിഴൽ തിരശ്ശീലമേൽ വലുതായി കാണപ്പെട്ടിരുന്നുവെന്നേയുള്ളൂ. വാസ്തവത്തിൽ അദ്ദേഹത്തിന്റെ സംഘടനയായ അൽഖെയ്ദ ഒരു തല്ലിപ്പൊളി സംഘടന മാത്രമായിരുന്നു. നല്ല

കാലത്തുപോലും ഒരു പോരാട്ടത്തിന്നുള്ള കരുത്തുപോലും അതിനുണ്ടായിരുന്നില്ല. ശരിയാണ്; കണ്ണഞ്ചിക്കുന്ന, ആളെക്കൊല്ലികളായ പ്രവർത്തനങ്ങൾക്കുള്ള കഴിവ് അതിന്നുണ്ടായിരുന്നു. പക്ഷെ ഇതൊക്കെ ഒന്നോ രണ്ടോ കൊല്ലം കൂടുമ്പോൾ മാത്രമാണ് നടത്തിയിരുന്നത്.

ഒസാമ ഒരു "ഹിറ്റ്ലറൊ"ന്നുമായിരുന്നില്ല. അദ്ദേഹത്തിന്റെ കിങ്കരന്മാർ നാസികളുമായിരുന്നില്ല. ഇതെല്ലാം കൂടി കൂട്ടിയാലും ഒരു സ്റ്റാലിന്നുമാകില്ലായിരുന്നു. ഏറിയാൽ താലിബാന്റെ നിയന്ത്രണത്തിലുള്ള ഒരു കഷ്ണം അഫ്ഘാനിസ്ഥാൻ മാത്രമാണ് ഒസാമക്കുണ്ടായിരുന്നത്. ഒസാമക്ക് കുറച്ചു പണം കിട്ടിയിരുന്നുവെങ്കിലും അമേരിക്കയെപ്പോലുള്ള ഒരു വൻ ശക്തിയെ നേരിടാനൊന്നും അത് മതിയാകുമായിരുന്നില്ല. അമേരിക്കയിലെ വ്യാപാര കേന്ദ്രത്തിന്നു നേരെ നടത്തിയ ആക്രമണത്തിന്നു വന്ന ചെലവ് നാലുലക്ഷം ഡോളറിന്നും അഞ്ചുലക്ഷം ഡോളറിന്നും ഇടക്കു മാത്രമേ വരുമായിരുന്നുള്ളൂവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. വൻശക്തികളുടെ ഭാഷയിൽ പറഞ്ഞാൽ അതൊരു പിടി നിലക്കടലക്ക് സമമാണ്. ഒസാമ ബിൻ ലാദന്റെ അനുചരന്മാർ ന്യൂയോർക്കിൽ വരുത്തിക്കൂട്ടിയ നാശനഷ്ടങ്ങൾ വമ്പിച്ചതായി തോന്നുമെങ്കിലും, അമേരിക്കയെ സംബന്ധിച്ചിടത്തോളം അതൊരു നിസ്സാര കാര്യം മാത്രമായിരുന്നു.

ഒരു ആഗോള പോലീസുകാരന്റെ വേഷം കെട്ടി ഒരു ക്രിമിനലിനെ വേട്ടയാടിപ്പിടിച്ച് വിചാരണക്ക് വിധേയനാക്കുക എന്നതിന്നു പകരം ഒരു സാമ്രാജ്യത്വ ശക്തിയാകാനാണ് അമേരിക്ക വെമ്പിയത് എന്നതാണ് നമ്മുടെ നിർഭാഗ്യം; ഒസാമയുടെ ഭാഗ്യവും അതാണ്. ഈ ഭൂഗോളത്തിലെ എണ്ണയുല്പാദന കേന്ദ്രത്തെയാകെ ദീർഘകാലത്തേക്ക് ഒരമേരിക്കൻ സാമ്രാജ്യമാക്കാനാണ് അമേരിക്കൻ നേതാക്കൾ വെമ്പിയത്. നിങ്ങളിപ്പോൾ ഒസാമ ബിൻ ലാഡന്റെ ചരമ ശ്ലോകം എഴുതുന്നതിൽ വ്യാപൃതനായിരിക്കുകയാണെങ്കിൽ, തന്റെ നിസ്സാരമായ ശേഷിയെ അനേകമിരട്ടിയാക്കി കാണിക്കുന്നതിന്ന് അമേരിക്കയിലെ ഒരു വ്യാപാര കേന്ദ്രത്തെ കരുവാക്കിയ വലിയൊരു ഇന്ദ്രജാലക്കാരനായിരുന്നു ബിൻലാദൻ എന്ന് എഴുതിവച്ചുകൊള്ളൂ.

രണ്ടോ മൂന്നോ കൊല്ലം കൂടുമ്പോൾ ഒരക്രമം അവതരിപ്പിക്കാനുള്ള ശേഷിയേ ബിൻലാദനുണ്ടായിരുന്നുള്ളൂ. നേരെമറിച്ച് അപാരമായ ധനശേഷിയും ആയുധ ശക്തിയും സൈനിക ബലവുമുള്ള അമേരിക്കയാകട്ടെ, ദിവസേനയെന്നോണം ഓരോ ആക്രമണം അഴിച്ചുവിടാൻ ശേഷിയുള്ള രാജ്യമാണ്. ഒരർത്ഥത്തിൽ, അമേരിക്കൻ വ്യാപാരകേന്ദ്രം തകർത്തതോടെ ബൻ ലാഡൻ അമേരിക്കയുടെ സേനാ നായകനായി മാറി. അമേരിക്കയുടെ മനസ്സിന്റെ അഗാധതലങ്ങളിൽ ഉറങ്ങിക്കിടന്നിരുന്ന ഭീതികളേയും അഭിലാഷങ്ങളേയും ബിൻ ലാഡൻ തട്ടിയുണർത്തി. അഫ്ഘാനിസ്ഥാനെ ആക്രമിച്ചധീനമാക്കാൻ അമേരിക്ക മുതിരുമെന്ന് ഉറപ്പാക്കിയത് ലാദനാണ്; ഇറാഖിനെ ആക്രമിച്ചധീനമാക്കുമെന്ന് ഉറപ്പുവരുത്തിയതും ലാദനാണ്. അമേരിക്കയുടെ അഫ്ഘാൻ യുദ്ധം പാക്കിസ്താനിലേക്കും വ്യാപിപ്പിച്ചതും ലാദൻതന്നെ. അമേരിക്കൻ പോർ വിമാനങ്ങളേയും ബോംബുകളേയും മിസൈലുകളേയും സോമാലിയുടേയും പിന്നെ യമന്റേയും നേരെ തിരിച്ചുവിട്ടത് ലാദനല്ലാതെ മറ്റാരുമല്ല. ലാദൻ ഇതെല്ലാം ചെയ്തത് തന്റെ അല്പമാത്രമായ ശക്തിയുപയോഗിച്ചല്ല, അമേരിക്കയുടെ വിനാശകരമായ കരുത്തിനെ കരുവാക്കിയാണ്.

ലാദൻ തന്റെ അവസാന വർഷങ്ങളിൽ, പാക് തലസ്ഥാനമായ ഇസ്ലാമബാദിന്ന് തൊട്ടടുത്ത് കോട്ടകെട്ടി തിരിച്ച് നിർജനമായ ഒരു മേഖലയിലെ സുഖവാസ കേന്ദ്രത്തിൽ ഒന്നും ചെയ്യാതെ അഥവാ നിഷ്ക്രിയനായി കഴിയുകയായിരുന്നുവെന്ന് കേൾക്കുമ്പോൾ ആരും അത്ഭുതപ്പെടരുത്. വാസ്തവത്തിൽ ലാദൻ കൂടുതൽ കൂടുതൽ നിഷ്ക്രിയനാകും തോറും അമേരിക്കൻ സൈന്യം അദ്ദേഹത്തിന്നുവേണ്ടി കൂടുതൽ അതിക്രമങ്ങൾ കാണിച്ചുവരികയായിരുന്നു.

ബിൻലാദൻ കാണിച്ച ഏറ്റവും വലിയ ഇന്ദ്രജാലം അറബിലോകത്തിലായിരുന്നില്ല. ഇവിടെ ഈ അമേരിക്കയിലായിരുന്നു. യെമൻ മുതൽ വടക്കൻ ആഫ്രിക്കവരെയുള്ള ചെറിയൊരു മേഖലയിൽ മാത്രമേ ലാദന്റെ പ്രസ്ഥാനത്തിന്ന് വേരുണ്ടായിരുന്നുള്ളൂ. അതുപോലും കാലക്രമത്തിൽ ക്ഷയിച്ച് അപ്രധാനമായിത്തീർന്നിരുന്നു. അതേസമയം ലാദൻ ഒരാൾക്ക് വിഭാവനം ചെയ്യാവുന്ന സകലവിധ ഭീകരദുഃസ്വപ്നങ്ങളും അമേരിക്കക്കാർക്ക് കാണിച്ചുകൊടുത്തു. അമേരിക്കൻ വ്യാപാര കേന്ദ്രം തകർത്തപ്പോഴല്ല, അതിന്നുശേഷമുള്ള മാസങ്ങളിലും കൊല്ലങ്ങളിലുമാണ് ലാദൻ നമ്മുടെ എല്ലൊടിച്ചത്. 1960 കളിൽ സെനറ്റർ ഐക്കൻ നൽകിയ ഉപദേശം ഇന്നും പ്രസക്തമാണ്. അതുപോലെ പ്രവർത്തിക്കാൻ നാം തയ്യാറാകാത്ത പക്ഷം, നാം പിന്തുടർന്നുവരുന്ന വിനാശകരമായ യുദ്ധങ്ങൾ ലാദന്റെ അവിസ്മരണീയമായ സ്മാരകങ്ങളായി മാറും. നമ്മുടെ സാമ്രാജ്യ മോഹങ്ങളെല്ലാം അഫ്ഘാനസ്ഥാനിൽ പൊലിഞ്ഞു പോകുകയും ചെയ്യും. ഒന്നിലേറെ സാമ്രാജ്യങ്ങളുടെ ശ്മശാനഭൂമിയാണ് അഫ്ഘാനിസ്ഥാനെന്ന് ഓർത്തിരിക്കുക.

അമേരിക്കൻ ജനതയും പത്രങ്ങളും ലാദന്റെ മരണത്തെ ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ പോലും ഒരു ലക്ഷം അമേരിക്കൻ ഭടന്മാർ അഫ്ഘാനിസ്ഥാനിൽ പോരാടിക്കൊണ്ടിരിക്കുകയാണ്. സഖ്യരാജ്യങ്ങളുടെ 50,000 ഭടന്മാർ വേറേയുമുണ്ട്. ചോറ്റുപട്ടാളക്കാരായി പോരാടുന്നവർക്ക് കണക്കൊന്നുമില്ല. ചുരുങ്ങിയത് 400 സൈനിക താവളങ്ങളെങ്കിലും അഫ്ഘാനിസ്ഥാനിൽ നിലവിലുണ്ട്. പത്തുകൊല്ലം യുദ്ധം ചെയ്തതിന്നു ശേഷമുള്ള കഥയാണിത്. ഒരാൾക്കും അയാളുടെ ഒരു സംഘടനക്കും എതിരായുള്ള അറ്റമില്ലാത്ത യുദ്ധമാണിത്. സി.ഐ.എ. ഡയറക്ടറുടെ കണക്കനുസരിച്ച് ലാദന്റെ അനുചരന്മാരായി അഫ്ഘാനിസ്ഥാനിൽ പ്രവർത്തിച്ചുവരുന്നവരുടെ എണ്ണം അമ്പതിന്നും നൂറിന്നും ഇടക്കേ വരൂ.

ലാദൻ ഇപ്പോൾ കടലിന്നടിയിലാണെന്നാണ് അമേരിക്ക പറയുന്നത്. എല്ലാ മുസ്ലീം രാജ്യങ്ങളേയും ഉൾപ്പെടുത്തിയ ഒരു ഖലിഫാ സാമ്രാജ്യമെന്ന ലാദന്റെ ആശയത്തിന്ന് പശ്ചിമേഷ്യയിൽ പോലും അനുയായികളില്ലതാനും. അതൊരു ദിവാസ്വപ്നമാണെന്ന് എല്ലാവരും പറയുന്നു. ലാദന്റെ സാക്ഷാൽ സാമ്രാജ്യം അമേരിക്കയിലാണ്. ലാദൻ നമുക്കൊരു പിശാചാണ്; വിട്ടൊഴിയാത്ത ബാധയാണ്.

2001 സെപ്തംബർ 17 ന്ന് പ്രസിഡണ്ട് ബുഷിനോട് ഒരു ചോദ്യം ചോദിച്ചു. ഒസാമയെ കൊല്ലണമെന്നാണോ താങ്കൾ ആഗ്രഹിക്കുന്നത്? ജീവനോടേയോ അല്ലാതേയോ പിടികൂടണമെന്നായിരുന്നു ബുഷിന്റെ മറുപടി. എന്നാൽ പത്തുകൊല്ലത്തിന്നു ശേഷം മൂന്നാമതൊരു പോംവഴികൂടിയുണ്ടെന്നു വന്നിരിക്കുന്നു. ഒസാമ മരിച്ചിട്ടും ജീവിച്ചിരിക്കുന്നുവെന്നതാണത്.

(പല കൃതികളുടെയും കർത്താവായ ടോമിന്റെ ഏറ്റവും പുതിയ പുസ്തകം "അമേരിക്കയുടെ യുദ്ധമാർഗ്ഗം; ബുഷിന്റെ യുദ്ധങ്ങൾ എങ്ങനെ ഒബാമയുടേതായിത്തീർന്നു". ❏

# പിൻകോഡും ലെറ്റർ ബോക്സും

**കെ.കെ. ഡേവീസ്**

മേൽവിലാസമുള്ളവർക്കെല്ലാം പിൻകോഡുമുണ്ട്. പിൻകോഡ് (PIN Code) അഥവാ പോസ്റ്റൽ ഇൻഡക്സ് നമ്പർ കോഡ് എന്നത് തപാൽ വിതരണമുള്ള പോസ്റ്റോഫീസുകൾക്ക് നൽകിയിട്ടുള്ള ആറക്കങ്ങളുള്ള നമ്പറാണ്. 1972 ആഗസ്റ്റ് 15-ന് നിലവിൽ വന്ന പിൻകോഡ് സമ്പ്രദായം അനുസരിച്ച്, പിൻകോഡിലെ ആദ്യ മൂന്നക്കങ്ങൾ കണ്ടാൽ പോസ്റ്റോഫീസ് ഏതു സംസ്ഥാനത്ത് ഏത് സോർട്ടിഗ് ജില്ലയിലാണെന്നു പറയാൻ കഴിയും. ഈ മൂന്ന് അക്കങ്ങൾ എസ്.ടി.ഡി. (STD) കോഡ് പോലെയാണ്. തുടർന്നുള്ള മൂന്നക്കങ്ങൾകൂടി ചേർന്നാൽ അതാതു ജില്ലയിലെ പോസ്റ്റാഫീസിന്റെ പിൻകോഡായി. 680 തൃശൂർ സോർട്ടിംഗ് ജില്ലാ കോഡാണ്. മണ്ണുത്തി പോസ്റ്റാഫീസിന്റെ പിൻകോഡ് 680 651 ആണ്.

മേൽവിലാസത്തിൽ പിൻകോഡ് നിർബന്ധമാണ്. സ്പീഡ്പോസ്റ്റായി കത്തുകളയക്കാനും ഇ-മണിയോർഡർ അയക്കാനും മേൽവിലാസത്തിൽ പിൻകോഡ് കൃത്യമായും എഴുതണം. വ്യക്തികളും സ്ഥാപനങ്ങളും അവരുടെ മേൽവിലാസത്തിലും ലെറ്റർപാഡിലും വിസിറ്റിംഗ് കാർഡിലുമെല്ലാം തപാൽ വിതരണ പോസ്റ്റാഫീസിന്റെ പേരും പിൻകോഡും നിർബന്ധമായും ചേർക്കുക. ഇ-മെയിൽ സിഗ്നേച്ചർ സെറ്റ് ചെയ്യുമ്പോൾ പിൻകോഡ് കൂടി ഉൾപ്പെടുത്താൻ മറക്കരുത്.

അതുപോലെ തന്നെ പ്രധാനമാണ് ഗേറ്റിലുള്ള ലെറ്റർ ബോക്സ്. പല വീടുകളിലും പകൽ സമയത്ത് തപാൽ ഉരുപ്പടികൾ ഏറ്റുവാങ്ങാൻ ആളില്ലാത്ത അവസ്ഥയുണ്ട്. വീടിന്റെ ഗേറ്റിൽ ലെറ്റർ ബോക്സ് സ്ഥാപിക്കുന്നത് തപാൽ ഉരുപ്പടികൾ സുരക്ഷിതമായി നിക്ഷേപിക്കാൻ സഹായിക്കും. രജിസ്റ്റർ ചെയ്ത തപാൽ ഉരുപ്പടികൾ ഏറ്റുവാങ്ങാൻ ആളില്ലാത്ത അവസ്ഥയിൽ പോസ്റ്റുമാൻ കത്തുകൾ തിരികെ കൊണ്ടുപോകുന്ന സാഹചര്യമുണ്ട്. പരിഹാരമൊന്നേയുള്ളൂ. വീട്ടിൽ പകൽ സമയത്ത് സ്ഥിരമായി ഉണ്ടാകുന്ന ആളെ കത്തുകൾ വാങ്ങാൻ ചുമതലപ്പെടുത്തി അധികാരപത്രം പോസ്റ്റുമാനെ ഏൽപ്പിക്കുക. തപാൽ ഉരുപ്പടികളുടെ വരവ് അറിയിച്ചുള്ള ഇന്റിമേഷൻ സ്ലിപ്പ് സുരക്ഷിതമായി ഇടാനും ഒരിടം വേണ്ടേ? ഇ-മെയിലും എസ്.എം.എസ്-ഉം സൂക്ഷിക്കാൻ ഇൻബോക്സ് ശ്രദ്ധിച്ചുകാണുമല്ലോ. വരുന്ന ഇ-മെയിലും എസ്.എം.എസ്-ഉം സ്വീകരിക്കാനും സൂക്ഷിക്കാനും ഇങ്ങനെയൊരു “ഇൻ-ബോക്സ്” ഇല്ലെങ്കിലോ? നിങ്ങളുടെ ഗേറ്റിലും ഒരു ലെറ്റർ ബോക്സ് സ്ഥാപിക്കുന്നത് നല്ലത്. (പോസ്റ്റോഫീസസ് സീനിയർ സൂപ്രണ്ടാണ് ലേഖകൻ) ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.